# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ലക്കം ഡിസംബർ 2021 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



ലോകത്തിന്റെ പാപങ്ങൾ നീക്കിക്കളയുന്ന
ദൈവത്തിന്റെ കുഞ്ഞാടിനെ ഞങ്ങൾക്കു
പ്രദാനം ചെയ്യുവാനായി പരിശുദ്ധിയുടെ
വിളനിലമായി മാറിയ പരി. അമ്മേ,
വിശുദ്ധരായി ജീവിച്ച് അങ്ങേ
തിരുക്കുമാരനു സാക്ഷ്യം
വഹിക്കുന്നവരാകുവാൻ ഞങ്ങൾക്കായി
മാദ്ധ്യസ്ഥ്യം വഹിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ദനഹാ ലക്കം ഡിസംബർ 2021

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**വി.ജി. പ്രിന്റേഴ്സ്**

വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാണ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- സ്നാപകനെപ്പോലെ 4
- സഭയും അജപാലന ശുശ്രൂഷയും 5
- ലോകം മുഴുവനിലേക്കും തുറന്നിരിക്കുന്ന ഹൃദയം 8
- ധൈര്യവും വിനയവും നിറഞ്ഞ പിതാവ് 10
- എളിമയുടെ പ്രത്യക്ഷവത്കരണം 12
- കത്തിജ്വലിക്കുന്ന പ്രകാശം 14
- നിയമം 16
- നിഴലിൽ ദീപ്തമാകുന്നവർ 18
- ഗിദെയോൻ 20
- സ്വർഗ്ഗം തുറക്കുന്ന സ്നാനം 24
- നന്മ ചെയ്യാം നമുക്കും...! 25
- സെനക്കിൾ തരംഗം 26
- ലോകത്തിന്റെ പ്രകാശമാകാൻ 27
- പപ്പയുടെ പ്രിയപുത്രൻ 28
- അമ്മയോടൊപ്പം 30



എഡിറ്റോറിയൽ

# സ്നാപകനെപ്പോലെ

സ്നാപകൻ നൽകുന്ന സ്നാനം സ്വീകരിക്കാൻ വിനയാന്വിതനായണയുന്ന ദൈവപുത്രനെ അനുസ്മരിക്കുന്ന ദനഹാത്തിരുനാളോടെയാണ് ദനഹാക്കാലത്തിന്റെ തുടക്കം. ഈശോയുടെ പരസ്യജീവിതവും സുവിശേഷ പ്രഘോഷണവുമെല്ലാം ഈ കാലത്തിലെ നമ്മുടെ ധ്യാനത്തിന്റെ പ്രത്യേക വിഷയങ്ങളാണ്.

പാപമോചനത്തിനായുള്ള സ്നാനം സ്വീകരിക്കാൻ വെറുമൊരു മനുഷ്യനു മുൻപിൽ മുട്ടുകുത്തുന്ന ദൈവപുത്രനും തന്റെ മുമ്പിൽ നിൽക്കുന്ന പരിശുദ്ധനോടു തന്റെ അയോഗ്യത ഏറ്റുപറഞ്ഞ് സ്വയം ചെറുതാകുന്ന സ്നാപകനും നമ്മെ പഠിപ്പിക്കുന്ന വലിയൊരു പാഠമുണ്ട്. “നീ എത്രമാത്രം ഉന്നതനാണോ അത്രമാത്രം വിനീതനാകുക; അപ്പോൾ കർത്താവിന്റെ കൃപയ്ക്കു നീ പാത്രമാകും” (പ്രഭാ 3,18). പ്രഭാഷകവചനങ്ങൾ പൂർത്തിയാക്കുന്നതാണ് ഈശോയുടെ വചനങ്ങൾ: “സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ല”. തന്റെ പ്രഘോഷണചാരുതയിൽ ആകൃഷ്ടരായി പിന്നാലെ കൂടിയ ജനാവലിയോട് “എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തനാണ്. അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻ പോലും ഞാൻ യോഗ്യനല്ല” എന്നു പറയാൻ സ്നാപകനു തെല്ലും ശങ്ക തോന്നിയില്ല.

പരസ്പരം വിട്ടുകൊടുക്കുകയും ക്ഷമിക്കുകയും സഹിഷ്ണുതയോടെ വർത്തിക്കുകയും ചെയ്യുമ്പോൾ ലഭിക്കുന്ന ഹൃദയാനന്ദം, ഹൃദയസമാധാനം ലോകം നൽകുന്നതിനെക്കാൾ വലുതാണെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. സ്വന്തം സുഖത്തിലും സന്തോഷത്തിലും കുടുങ്ങിക്കിടക്കാതെ അപരന്റെ സുഖവും സന്തോഷവും നമ്മുടെ ചിന്താവിഷയമാകുമ്പോൾ മാത്രമാണ് ഓരോ മനുഷ്യജന്മവും സഫലമാകുന്നത്. സ്വന്തം ആശയങ്ങളെയും ആദർശങ്ങളെയുംപോലും വിട്ടുകൊടുക്കാൻ തയ്യാറായിക്കൊണ്ട് പൊതുനന്മയ്ക്കായി പറയുന്ന കാര്യങ്ങൾ അനുസരിക്കാൻ നാം തയ്യാറാകുമ്പോൾ ഉറപ്പിക്കാം നമ്മുടെ ജീവിതം സ്വർഗത്തിലേക്കുള്ള പാതയിൽ തന്നെയാണെന്ന്.

ദൈവേഷ്ടത്തിനു മുമ്പിൽ നമ്മെത്തന്നെ അടിയറ വയ്ക്കാം. ദൈവഹിതം നിറവേറ്റുന്നതിൽ ഏറ്റെടുക്കേണ്ടി വരുന്ന എല്ലാ ത്യാഗങ്ങളും സഹനങ്ങളും സന്തോഷത്തോടെ സ്വീകരിക്കാം. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ദൈവഹിതം നിറവേറ്റിയെന്ന ഉത്തമബോധ്യവുമാണ്, ശിരസിനുനേരെ വരുന്ന വാളിനുമുമ്പിൽ പതറാതെ നിൽക്കാതെ സ്നാപകനെ സഹായിച്ചത്.

ദനഹാക്കാലത്തിൽ നമ്മുടെ പരിചിന്തനത്തിനായി തിരുസഭാമാതാവു നൽകിയിരിക്കുന്ന വിശുദ്ധരുടെ ജീവിതം നമുക്കു മാതൃകയാകട്ടെ. അവരോടൊപ്പം മിശിഹായുടെ പിന്നാലെ നമുക്കും തളരാതെ ഓടാം സ്വർഗീയസമ്മാനത്തിനായി. ഈ ഓട്ടത്തിൽ വഴിയോരത്തെ താൽക്കാലിക നേട്ടങ്ങൾ നമ്മെ വഴിതെറ്റിക്കാതിരിക്കട്ടെ.

**ചീഫ് എഡിറ്റർ**





# സഭയും അജപാലനശുശ്രൂഷയും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സഭ വിശ്വാസികളുടെ സമൂഹമാണ് (ശ്ലീഹ 4,32). വിശ്വാസം സഭയുടേതാണ്, വെറും വ്യക്തിഗതമല്ല. സഭയുടെ വിശ്വാസത്തിലേക്ക് എല്ലാവരും പ്രവേശിക്കുവാനും ആ വിശ്വാസത്തിൽ അവരെ വളർത്തുവാനും സാധിക്കുന്നത് അജപാലനശുശ്രൂഷയിലൂടെയാണ്. അതുകൊണ്ട്, അജപാലനശുശ്രൂഷ സഭാജീവിതത്തിന്റെ ഒരവശ്യഘടകമാണ്. അജപാലനശുശ്രൂഷയില്ലാതെ സഭയില്ല. സഭയില്ലാതെ അജപാലനശുശ്രൂഷയുമില്ല. അത്രമാത്രം അഭേദ്യമായി ബന്ധപ്പെട്ടവയാണ് സഭയും അജപാലനശുശ്രൂഷയും.

## സഭ: ഈശോയുടെ അജഗണം

ഉത്ഥിതനായ ഈശോ തന്റെ ശ്ലീഹന്മാരെ ശിഷ്യത്വത്തിൽ ഉറപ്പിച്ചതിനുശേഷം, തന്റെ അജഗണമായ സഭയെ അവരുടെ ശ്ലൈഹിക ശുശ്രൂഷയ്ക്ക് ഭരമേൽപ്പിക്കുന്ന രംഗമാണ് യോഹ 21,15-17 വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. ശ്ലീഹന്മാരുടെ സാന്നിദ്ധ്യത്തിലും കൂട്ടായ്മയിലുമാണ് പത്രോസ്ശ്ലീഹായെ ഈശോ അജപാലനശുശ്രൂഷ ഭരമേൽപ്പിക്കുന്നത്. അതുകൊണ്ട് സഭയിലെ അജപാലനശുശ്രൂഷ, പത്രോസ്ശ്ലീഹായുടെ ഒറ്റപ്പെട്ട ശുശ്രൂഷയല്ല; ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും കൂട്ടായ്മയിലുള്ള ശുശ്രൂഷയാണ്. പത്രോസ് ശ്ലൈഹികകൂട്ടായ്മയെ പ്രതിനിധീകരിക്കുകയും ഒന്നിപ്പിക്കുകയും ചെയ്യുന്നവനാണ്. അജഗണത്തെ സൂചിപ്പിക്കുവാൻ ഗ്രീക്കു ഭാഷയിൽ രണ്ടുവാക്കുകൾ ഉപയോഗിക്കുന്നുണ്ട്. കുഞ്ഞാടുകളും ചെമ്മരിയാടുകളും. സുറിയാനിഭാഷയിൽ എഴുതപ്പെട്ട 'പ്ശീത്ത' ബൈബിളിൽ 'പെണ്ണാടുകളെ' സൂചിപ്പിക്കുന്ന പദവും ഉപയോഗിക്കുന്നുണ്ട്. സഭയിൽ എല്ലാവരെയും പൊതുവായും വ്യക്തിപരമായുമുള്ള കരുതലോടെ ഈശോ അജപാലകരുടെ ശുശ്രൂഷയ്ക്കായി ഏൽപിച്ചിരിക്കുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നത്. അജഗണം ഈശോയുടേതായതുകൊണ്ട് ഈശോയോടുള്ള ഉത്തരവാദിത്വബോധത്തോടെയാവണം സഭയിൽ അജപാലകർ അവരുടെ ശുശ്രൂഷ നിർവ്വഹിക്കുവാൻ.

## അജപാലനസ്നേഹം

അജപാലനശുശ്രൂഷയ്ക്ക് അവശ്യം വേണ്ടത് ഈശോയോടുള്ള സ്നേഹമാണ്. പത്രോസിനു തന്നോടുള്ള സ്നേഹം ഉറപ്പാക്കിയതിനുശേഷമാണ് ഈശോ പത്രോസിനെ തന്റെ അജഗണത്തെ ഏല്പിച്ചുകൊടുക്കുന്നത്. "നീ എന്നെ സ്നേഹിക്കുന്നുവോ?" എന്ന് മൂന്നു പ്രാവശ്യം ശിമയോൻ പത്രോസിനോടു ചോദിച്ച്, അനുകൂലമായ മറുപടി ഉറപ്പുവരുത്തിയതിനുശേഷമാണ്, തന്റെ അജഗണത്തെ

ഈശോ പത്രോസിനെ ഏല്പിക്കുന്നത്. പീഡാനുഭവവിവരണത്തിൽ "ഞാൻ അവനെ അറിയുകയില്ല'' എന്നു മൂന്നുപ്രാവശ്യം പറഞ്ഞ് ഈശോയുടെ സ്നേഹത്തെ നിഷേധിച്ചതിന്റെ പശ്ചാത്തലത്തിൽ (ലൂക്കാ 22,54-62) ആയിരിക്കാം ഇവിടെ പത്രോസിനെക്കൊണ്ടു മൂന്നു പ്രാവശ്യം സ്നേഹം ഏറ്റുപറയിപ്പിക്കുന്നത്. "ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്ന ചോദ്യവും അതു സൂചിപ്പിക്കുന്നുണ്ട്. 'അജപാലനസ്നേഹം' അജപാലകർക്ക് അജഗണങ്ങളോടും അജഗണങ്ങൾക്ക് അജപാലകരോടും ഉണ്ടാകണം. ഈ രണ്ടു സ്നേഹങ്ങളുടെയും അടിസ്ഥാനം ഈശോയുമായുള്ള സ്നേഹബന്ധത്തിലാണ് ഉറപ്പിക്കേണ്ടത് എന്ന് ഇതു വ്യക്തമാക്കുന്നു.

## ഈശോയുമായുള്ള ബന്ധം

നല്ല ഇടയനായ ഈശോയുമായുള്ള സ്നേഹബന്ധമാണ് സഭയിലെ അജപാലന സ്നേഹത്തിന്റെ ഉറവിടമായി വർത്തിക്കേണ്ടത്. അജപാലകരും അജഗണങ്ങളും നല്ല ഇടയനായ ഈശോയോടു ശരിയായ ഒരു സ്നേഹബന്ധം സ്ഥാപിക്കണം. അത് എപ്രകാരമുള്ളതായിരിക്കണമെന്നു വിവരിക്കുന്ന സുവിശേഷഭാഗമാണ് യോഹ 10,1-18. നല്ല ഇടയനായ ഈശോ തന്റെ അജഗണമായ നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു. നമ്മുടെയോരോരുത്തരുടെയും പേരുചൊല്ലി വിളിക്കുവാൻ തക്കവിധം നമ്മെ അറിയുകയും (യോഹ 10,3) നമുക്കുവേണ്ടി തന്റെ ജീവൻ പോലും അർപ്പിച്ചു നമ്മെ സ്നേഹിക്കുകയും ചെയ്യുന്നു (യോഹ 10,11). ഓരോ പരിശുദ്ധ കുർബാനയർപ്പണത്തിലും ഈ സ്നേഹാനുഭവം തന്ന് ഈശോ നമ്മെ അനുഗ്രഹിക്കുന്നുണ്ട്. ഇതിന് ആനുപാതികമായ ഒരു സ്നേഹബന്ധം ഈശോയുമായി സ്ഥാപിക്കുവാൻ സഭാംഗങ്ങളായ നമുക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ ശരിയായ ഒരു അജപാലനസ്നേഹമാണ് നമുക്കുള്ളതെന്നു പറയുവാൻ കഴിയും.

## കുർബാനാനുഭവവും അജപാലന സ്നേഹവും

യോഹന്നാന്റെ സുവിശേഷത്തിൽ ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ ഈശോ പത്രോസിനെ അജപാലനശുശ്രൂഷ ഭരമേൽപിക്കുന്നത് അവരുമായി ഒന്നിച്ച് 'അപ്പം മുറിക്കൽ' നടത്തിയതിനുശേഷമാണ് (യോഹ 21,13). അതു പരിശുദ്ധ കുർബാനാനുഭവത്തെ സൂചിപ്പിക്കുന്നതാണ്. അതുകൊണ്ട് അജപാലകരും അജഗണങ്ങളും തമ്മിലുള്ള അജപാലനസ്നേഹം നവീകരിക്കപ്പെടുന്ന വേദി പരിശുദ്ധകുർബാനയർപ്പണം തന്നെയാണ്. അജപാലകരും അജഗണങ്ങളും ഒന്നിച്ചും പരസ്പരപൂരകമായുമാണല്ലോ കുർബാന അർപ്പിക്കുന്നത്. കാർമ്മികൻ സമൂഹത്തിനു നേതൃത്വം കൊടുത്തും സമൂഹത്തിന്റെ നാമത്തിലും സമൂഹത്തോടു ചേർന്നുമാണ് പ്രാർത്ഥനകൾ ചൊല്ലുന്നതും ബലിയർപ്പിക്കുന്നതും. അതുപോലെ സമൂഹവും കാർമ്മികനോടൊപ്പവും കാർമ്മികൻ ചൊല്ലുന്നതിനു പ്രത്യുത്തരമായുമാണ് പ്രാർത്ഥനകൾ ചൊല്ലുന്നതും ബലിയർപ്പണം നടത്തുന്നതും. ഈ ബലിയർപ്പണം ഈശോയുടെ സ്നേഹത്തിന്റെ ബലിയർപ്പണമാണ്. ഈശോയുടെ സ്നേഹത്തിൽ പങ്കുചേർന്ന് അർപ്പിക്കേണ്ടതുമാണ്. നല്ല ഇടയനായ ഈശോയുടെ സ്നേഹത്തിൽ ഒന്നായിനിന്നുകൊണ്ടു കുർബാനയർപ്പിക്കുന്നതിലൂടെ അജപാലകനും അജഗണങ്ങളും ഈശോയുടെ അജപാലന സ്നേഹത്തിൽ നവീകരിക്കപ്പെട്ടു പരസ്പരം സ്നേഹിക്കുന്നവരും ശുശ്രൂഷിക്കുന്നവരുമായിത്തീരണം.

## സ്നേഹവും സഹകരണവും

അജപാലനശുശ്രൂഷ എന്നത് അജപാലകൻ ഒറ്റപ്പെട്ടു നിർവ്വഹിക്കുന്ന ശുശ്രൂഷയല്ല. അജപാലകനും അജഗണങ്ങളും പരസ്പരം സ്നേഹിച്ചും സഹകരിച്ചും നിർവ്വഹിക്കേണ്ട ഒരു ശുശ്രൂഷയാണ്. അവരെ പരസ്പരം ബന്ധിപ്പിക്കുന്നതു നല്ല ഇടയനായ ഈശോയുടെ സ്നേഹമാണ്. ആടുകൾ അജപാലകന്റേതല്ല,

ഈശോയുടേതാണ്. "എന്റെ ആടുകളെ മേയിക്കുക" (21,15), "എന്റെ കുഞ്ഞാടുകളെ മേയിക്കുക"(21,16-17). എന്നാണ് ഈശോ പത്രോസിനോടു പറഞ്ഞത്. അതുകൊണ്ടു നല്ല ഇടയനായ ഈശോയുടെ സാന്നിദ്ധ്യം അജഗണങ്ങൾക്ക് അനുഭവവേദ്യമായിത്തീരത്തക്കവിധം അജപാലകർ ശുശ്രൂഷ നിർവ്വഹിക്കണം. അതുപോലെതന്നെ അജഗണങ്ങൾ അജപാലകരിൽ ഈശോയെ ദർശിച്ചുകൊണ്ടും അജപാലകരോടു സഹകരിച്ചുകൊണ്ടും കൂട്ടുത്തരവാദിത്വത്തോടുകൂടെ വേണം അജപാലനരംഗത്തു പ്രവർത്തിക്കുവാൻ. 'ഒരു സിനഡൽ സഭയ്ക്കു വേണ്ടി' എന്ന ഫ്രാൻസിസ് മാർപാപ്പായുടെ പുതിയ ആഹ്വാനം ഇപ്രകാരമുള്ള അജപാലനസ്നേഹത്തിനും ശുശ്രൂഷയ്ക്കും പ്രചോദനമാകുമെന്നതിനു സംശയമില്ല. ❑

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച**
**അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre, Manganam P.O., Kottayam - 686 018. Tel. 0481-2578192

"ക്രൂശിതനെ ഏറ്റുപറയുന്നതിൽ നമുക്കു ലജ്ജിക്കാതിരിക്കാം. നമ്മുടെ നെറ്റിത്തടങ്ങൾ വിരലുകൾക്കൊണ്ട് ആത്മധൈര്യത്തോടെ മുദ്രയടിക്കാം. എല്ലാ വസ്തുക്കളിന്മേലും നമുക്കു കുരിശിന്റെ അടയാളം വരയ്ക്കാം. നാം തിന്നുന്ന അപ്പത്തിലും പാനം ചെയ്യുന്ന പാത്രത്തിലും അങ്ങനെ ചെയ്യാം. നാം വരുകയും പോവുകയും ചെയ്യുമ്പോഴും ഉറങ്ങുന്നതിനു മുമ്പും കിടക്കുമ്പോഴും ഉണരുമ്പോഴും യാത്ര ചെയ്യുമ്പോഴും വിശ്രമിക്കുമ്പോഴും ഈ അടയാളം വരയ്ക്കാം."

**ജറുസലേമിലെ വി.സിറിൾ.**



ഫ്രത്തേല്ലി തൂത്തി - 8

# ലോകം മുഴുവനിലേക്കും തുറന്നിരിക്കുന്ന ഹൃദയം

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

ഫ്രത്തേല്ലി തൂത്തിയുടെ നാലാമത്തെ അദ്ധ്യായത്തിൽ 'എല്ലാ മനുഷ്യരും സഹോദരീ സഹോദരന്മാരാണെന്നും' അവരിലേക്ക് നമ്മുടെ ഹൃദയങ്ങൾ തുറക്കണമെന്നും പ്രാദേശിക ചിന്തയിൽനിന്നും സാർവ്വദേശീയചിന്തയിലേക്ക് എല്ലാവരും കടന്നുവരണമെന്നും നമുക്കിടയിൽ സജീവമായ അയൽപക്കബോധമുണ്ടാകണമെന്നും ഫ്രാൻസിസ് മാർപാപ്പ സമീപകാലസാഹചര്യങ്ങളെ അടിസ്ഥാനമാക്കി സംസാരിക്കുകയാണ്. ഒറ്റപ്പെട്ടു കഴിയാതെ, എല്ലാവരും ഒരുമിച്ചു കഴിയുമ്പോഴാണ്, ജീവിക്കുമ്പോഴാണ് പൊതുനന്മ എല്ലാവരിലേക്കും എത്തിച്ചേരുന്നത് എന്ന യാഥാർത്ഥ്യവും പാപ്പാ ഇവിടെ പഠിപ്പിക്കുന്നുണ്ട്.

ചില പ്രതിസന്ധിഘട്ടങ്ങളിൽ പല സ്ഥലങ്ങളിലേക്കും നടക്കുന്ന കുടിയേറ്റത്തിന്റെ ഒരു പശ്ചാത്തലത്തിലാണ് ഈ ഒരു വിഷയത്തെക്കുറിച്ചു ഫ്രാൻസിസ് പാപ്പാ പറയുന്നത്. അനാവശ്യമായ കുടിയേറ്റങ്ങൾ ഒഴിവാക്കേണ്ടതാണെന്നു പാപ്പാ വ്യക്തമായി പറയുന്നുണ്ട്. ഓരോ രാജ്യത്തും അവിടുത്തെ മനുഷ്യന് അന്തസ്സോടെ ജീവിക്കാനും മുന്നോട്ടു ചരിക്കാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. മാനുഷികാവകാശങ്ങൾ സംരക്ഷിക്കപ്പെട്ടു ജീവിക്കുന്ന അവസരത്തിൽ ഒരു രാജ്യത്തുനിന്നും അനാവശ്യമായ കുടിയേറ്റങ്ങൾ ഉണ്ടാകാൻ പാടില്ല. എങ്കിലും സങ്കീർണ്ണമായ ചില സാഹചര്യങ്ങളിൽ മനുഷ്യർക്കു സ്വന്തം രാജ്യത്ത് അന്തസ്സോടെ ജീവിക്കാൻ സാധിക്കാതെ വരുമ്പോൾ ആതിഥേയരാജ്യക്കാർക്കു കുടിയേറ്റക്കാരോട്, അവരുടെ രാജ്യത്ത് അത്തരത്തിലുള്ള ഒരു സാഹചര്യം ഉണ്ടാകുന്നതുവരെ, സാഹോദര്യഭാവത്തോടെ പെരുമാറാൻ സാധിക്കണം. വിഷമസ്ഥിതിയിലായിരിക്കുന്നവനോടു പ്രതികരിക്കേണ്ടത് ഇപ്രകാരമാണ്: സ്വാഗതം, സംരക്ഷണം, പ്രോത്സാഹനം, ഉദ്ഗ്രഥനം.

ഗുരുതരമായ മാനുഷിക പ്രതിസന്ധിയിൽനിന്നും ഇതരസ്ഥലങ്ങളിലേക്കു പ്രാണരക്ഷാർത്ഥം പലായനം ചെയ്യുന്നവരോടു മനുഷ്യത്വപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. അന്തസ്സുറ്റ ജീവിതം നയിക്കാൻ പര്യാപ്തമായ ഒരു സാഹചര്യം അവർക്കു നൽകണം. സമീപകാലത്തു വന്നവരല്ലാത്ത സാമൂഹികഘടനയിൽ ഇപ്പോൾത്തന്നെ പങ്കാളികളായവർക്കു 'പൗരത്വം' എന്ന ആശയം പ്രാവർത്തികമാക്കേണ്ടതാണെന്നും പാപ്പാ ഇവിടെ ഓർമ്മിപ്പിക്കുന്നുണ്ട്. എല്ലാവർക്കും ബാധകമായ നീതിപ്രകാരവും തുല്യാവകാശവും കടമയും ആധാരമാക്കിയാണ് ഇതു ചെയ്യേണ്ടത്. കുടിയേറ്റ



എന്നതിൽ ഉപരിയായി, വ്യക്തിപരമായ നേട്ട ത്തെക്കുറിച്ചോ പ്രതിഫലത്തെക്കുറിച്ചോ ചിന്തി ക്കാതെ അവനെ സ്വീകരിക്കാൻ, അവനു നൽകാൻ നാം പഠിക്കണം. 'എനിക്കു എന്തു കിട്ടുന്നു അത് അനുസരിച്ചു ഞാൻ കൊടുക്കാം' എന്ന ചിന്ത വച്ചുപുലർത്തുന്നതു ശരിയല്ല. ദൈവം എല്ലാം ദാനമായി നൽകുന്നവനാണ്. ഒന്നും തിരിച്ചു പ്രതീക്ഷിക്കാതെ മറ്റുള്ളവർക്കു സാദ്ധ്യമായതെല്ലാം നൽകാൻ നമുക്കു കഴി യണം. ആവശ്യപ്പെടാതെ അപരനു നന്മ ചെയ്യണം. "ദാനമായി നിങ്ങൾക്കു കിട്ടി. ദാന മായിത്തന്നെ കൊടുക്കുവിൻ" (മത്താ 10,8).

ഇന്നത്തെ ലോകത്തിൽ നാം സങ്കുചി തത്വം വെടിയേണ്ടതുണ്ട്. നാം ആഗോളതയ്ക്ക് ശ്രദ്ധ നൽകണം. ഒപ്പം നമ്മുടെ പ്രാദേശികത യിലും കരുതൽ ഉണ്ടാവണം. പ്രാദേശികചിന്ത കളെ ആലിംഗനം ചെയ്തുകൊണ്ടുതന്നെ ആഗോളകാഴ്ചപ്പാടു പുലർത്തുവാൻ സാധി ക്കണം. നമ്മുടെ മനസ്സും ഹൃദയവും സങ്കുചി തമായാൽ ചുറ്റുമുള്ള ലോകത്തെ മനസ്സിലാ ക്കുവാനുള്ള കഴിവു നമുക്കു കുറയും. വ്യത്യ സ്ഥതകളെ അഭിമുഖീകരിക്കാനും സ്വീകരിക്കു വാനും നമുക്ക് അസാധ്യമായിവരികയും ചെയ്യും. പുറത്തുള്ളവയോടുള്ള ആരോഗ്യക രമായ തുറവ് ഒരിക്കലും നമ്മുടെ സ്വത്വത്തിനു ഭീഷണിയല്ല. മറിച്ച് അതു നമ്മുടെ സംസ്കാ രത്തെ സമ്പുഷ്ടമാക്കുകയേയുള്ളൂ.

നമ്മുടെ സ്വന്തം സംസ്കാരിക വ്യക്തിത്വം നമ്മുടേതിൽനിന്നും ഭിന്നമായതു മായ സംഭാഷണത്തിൽ ഏർപ്പെടുമ്പോൾ അതു കൂടുതൽ ശക്തിപ്പെടുകയും സമ്പന്നമാ വുകയും ചെയ്യും. ദരിദ്രമായ ഒരു ഒറ്റപ്പെടലി ലൂടെ നമ്മുടെ ആധികാരികമായ വ്യക്തിത്വം പരിപാലിക്കാനാവില്ല. തുറവുള്ളതും ഒരുതര ത്തിലുമുള്ള സംസ്കാരിക അടിച്ചേൽപ്പിക്കലു മില്ലാത്ത, തുടർച്ചയായ സമന്വയംമൂലം ലോകം വളരുകയും നവസൗന്ദര്യത്താൽ നിറയുകയും ചെയ്യുമെന്നു ഫ്രാൻസിസ് പാപ്പാ അഭിപ്രായ പ്പെടുന്നു.

❑

ക്കാരെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ അവരെ ഉദ്ഗ്രഥനം ചെയ്യാനുള്ള ഫലപ്രദമായ സഹായം അന്താരാഷ്ട്രതലത്തിൽത്തന്നെ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

മറ്റു ജീവിതരീതികളും സംസ്കാരങ്ങളു മുള്ള വ്യത്യസ്ഥരായ കുടിയേറ്റക്കാർ സമഗ്ര മാനവവികസനത്തിന് അവസരങ്ങൾ കൊണ്ടു വരും. അതിനാൽ അവരുടെ കടന്നുവരവ് ഒരു ദാനമാണ്. കൂടാതെ, വ്യത്യസ്ഥരായവരിലേക്കു ഹൃദയം തുറക്കുമ്പോൾ, അവർക്ക് അവരായി ത്തന്നെ തുടരാൻ, പുതിയ വഴികളിലൂടെ അഭി വൃദ്ധിപ്പെടാൻ നാം അവരെ കഴിവുറ്റവരാക്കു കയാണു ചെയ്യുന്നത്. അവരുടെ പുതിയ സംസ്കാരങ്ങളോടു തുറവിയുള്ളവരാകണം, ഒപ്പം അവർ പുതിയ അനുഭവങ്ങളോട്, രീതി കളോട് തുറവിയുള്ളവരും യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നവരുമാകണം. മറ്റുള്ളവരുടെ അനുഭവങ്ങളിൽനിന്നുവരുന്ന നന്മകൾ സ്വാഗതം ചെയ്യണം, സ്വന്തം സംസ്കാര ത്തിന്റെ നല്ല മൂല്യങ്ങൾ കൈമാറാൻ വ്യക്തി കളെ അനുവദിക്കുകയും വേണം.

അപരനോടു കൃതജ്ഞതയോടെയുള്ള ഒരു തുറവ് എന്നും നമുക്ക് ഉണ്ടാവണം. സൗജ ന്യമായി ഒരുവന് എന്തെങ്കിലും നൽകുന്നു





# ധൈര്യവും വിനയവും നിറഞ്ഞ പിതാവ്

**സുജ ചോതിരക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**തി**രുക്കുടുംബത്തിന്റെ നാഥൻ എന്ന നിലയിൽ ജ്ഞാനവും കൃപയും യൗസേപ്പിതാവിൽ നിറഞ്ഞുനിന്നിരുന്നു. അതിൽ ഏറ്റവും ഉൽകൃഷ്ടമായിട്ടുള്ളത് വിശുദ്ധന്റെ അപാരമായ ധൈര്യവും അനുപമമായ വിനയവുമാണ്. ഈശോയെ വധിക്കുവാൻ സാത്താൻ ഇളകിമറിഞ്ഞുവന്നപ്പോൾ ധൈര്യശാലിയായ യൗസേപ്പിതാവിന്റെ കരങ്ങളിൽ ഈശോ സുരക്ഷിതനായിരുന്നു. അഹങ്കാരിയായ സാത്താനെ വിനയമെന്ന വലിയ കൃപകൊണ്ട് ജോസഫ് പരാജയപ്പെടുത്തി.

ദൈവത്തിന്റെ രക്ഷാകരപദ്ധതി തകിടം മറിക്കാൻ പ്രതിജ്ഞാബദ്ധരായ നാരകീയസേനകൾ ജറുസലേമിൽ അന്നു പരതിനടക്കുന്നുണ്ടായിരുന്നു. പക്ഷേ പിശാചിന്റെ കൗശലങ്ങളെയും ഹേറോദേസിന്റെ തന്ത്രങ്ങളെയും പരാജയപ്പെടുത്തുവാൻ തക്ക ശക്തനായ ഒരുവനെ ദൈവം തെരഞ്ഞെടുത്തിരുന്നു. അവനാണ് ദാവീദിന്റെ പുത്രനായ യൗസേപ്പിതാവ്.

നരകശക്തികൾ ഈശോയ്ക്കും മാതാവിനും എതിരായി ഓരോ പദ്ധതികളും ആസൂത്രണം ചെയ്യുമ്പോഴും ജോസഫിന്റെ ശക്തമായ വിശ്വാസത്തിന്റെ ആത്മീയകോട്ടയിൽ തട്ടി അവയെല്ലാം തകർന്നു തരിപ്പണമായിപ്പോയി. ഈശോയ്ക്ക് എതിരായ നീക്കങ്ങൾ എല്ലാം പരിശുദ്ധ അമ്മയ്ക്കും വിശുദ്ധ യൗസേപ്പിനും എതിരായ ആക്രമണങ്ങളായിരുന്നു. യൗസേപ്പിതാവിന്റെ ശക്തമായ വിശ്വാസവും ധീരമായ നടപടികളുമാണ് രക്ഷകന്റെ മനുഷ്യാവതാരം മുതലുള്ള രക്ഷാകരപദ്ധതികൾ വിജയത്തിലെത്തിച്ചത്. ഇസ്രായേൽജനം വിജയം വരിച്ചത് മോശയുടെ കരമുയർത്തിയുള്ള സ്തുതികളാലാണ്. വീടും നാടുമില്ലാതെ, ആൾബലവും ആയുധങ്ങളുമില്ലാതെ ഈ ലോകത്തിൽനിന്നുള്ള എല്ലാ വെല്ലുവിളികളെയും യൗസേപ്പിതാവ് ഒറ്റയ്ക്ക് നേരിട്ടു. ഈശോയെ കുരിശിലെ സഹനത്തിന്റെ വിജയത്തോളം എത്തിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ച രണ്ടുകരങ്ങളുണ്ട്. അത് പരിശുദ്ധ കന്യകാ മറിയത്തിന്റെയും യൗസേപ്പിതാവിന്റേതുമാണ്. ലോകത്തിന്റെ ശക്തികൾ ഈശോയ്ക്ക് എതിരായി നിന്ന അടിയന്തിര ഘട്ടത്തിൽ അവന് ആവശ്യമായ സംരക്ഷണവും പരിപാലനയും സ്നേഹവും നൽകിയ യൗസേപ്പിതാവിന്റെ ശുശ്രൂഷ എത്രയോ ഉന്നതവും മഹത്തരവുമാണ്. ദൈവപിതാവിന്റെ സ്ഥാനത്തേക്കാണ് ജോസഫിനെ അവിടുന്ന് ഉയർത്തിയിരിക്കുന്നത്. തിരുക്കുമാരനാൽ ഭൂമിയിൽ 'അപ്പാ' എന്നു വിളിക്കപ്പെടുവാൻ യോഗ്യത നേടിയ മറ്റാരാണ് ഉണ്ടായിട്ടുള്ളത്?

അന്ത്യമില്ലാത്ത സഹനങ്ങളുടെ നടുവിൽ രക്ഷകന്റെ കുരിശിനെ മുന്നിൽ കണ്ടുകൊണ്ട്



വിശുദ്ധ യൗസേപ്പ് തന്റെ കണ്ണുകളും കരങ്ങളും നിരന്തരം സ്വർഗത്തിലേക്കുയർത്തി കർത്താവിനെ സ്തുതിക്കുന്നു. അതായിരുന്നു വിശുദ്ധ ജോസഫിന്റെ വിജയരഹസ്യം. യൗസേപ്പിതാവിന്റെ ഹൃദയം ഈശോയുടെ സഹനങ്ങളെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾമൂലം തീവ്രമായി ദുഃഖിച്ചു. എന്നാൽ ദൈവത്തിന്റെ ശക്തിയും അവിടുത്തെ സ്നേഹവും പരിധിയില്ലാതെ വി. ജോസഫിന്റെ ഹൃദയത്തിലേക്കൊഴുകി. എന്തും സഹിക്കാനും ഈശോയെ പരിധിയില്ലാതെ സ്നേഹിക്കുവാനുമുള്ള കൃപ യൗസേപ്പിതാവിൽ നിറഞ്ഞിരുന്നു. സാഹസികമായ നമ്മുടെ ജീവിതയാത്രയിൽ ഭീതിതവും ആശങ്കാജനകവുമായ വെല്ലുവിളികളുടെയും ഭീഷണികളുടെയും നടുവിൽ നമ്മുടെ കാലുകളെ മുന്നോട്ടു നയിക്കുന്നതിനും മനസ്സിനു ശക്തി ലഭിക്കുന്നതിനും വിശുദ്ധ ജോസഫിന്റെ മാദ്ധ്യസ്ഥ്യം നമുക്കു യാചിക്കാം.

ഈശോ ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്നത് യൗസേപ്പിന്റെ ധീരോദാത്തമായ സംരക്ഷണത്തിലാണ്. ഹേറോദേസിന്റെ വാളിൽനിന്നും ലോകത്തിൽ നേരിട്ട സകല വെല്ലുവിളികളിൽനിന്നും തിരുക്കുമാരനെയും പരിശുദ്ധമാതാവിനെയും കാത്തുസംരക്ഷിച്ചത് വിശുദ്ധയൗസേപ്പിന്റെ വൻകരങ്ങളാണ്. നമുക്കും വിശുദ്ധ യൗസേപ്പിനോട് യാചിക്കാം, ലോകത്തിലെ പൈശാചിക ശക്തികളുടെ നടുവിൽ നിന്നും നമ്മളെയും കാത്തുസംരക്ഷിക്കുവാൻ.

❑

## പ്രാർത്ഥിക്കാം

**ഓ! ഈശോ, രക്ഷയ്ക്ക് ഒന്നും ചെയ്യാതെ വിജ്ഞാനം നേടാനുള്ള എന്റെ അഭിനിവേശത്തെ അങ്ങു നിയന്ത്രിക്കണമേ. ഓ, അജ്ഞാതമായ ജീവിതമേ, ഈശോയിലും, ദൈവത്തിലും മറഞ്ഞിരിക്കുന്ന ജീവിതമേ, നീ അറിയപ്പെടുന്നില്ല. കർത്താവേ, എല്ലാ ക്രിസ്ത്യാനികളും ആ ജീവിതമറിഞ്ഞു പ്രാവർത്തികമാക്കാൻ അങ്ങ് അനുഗ്രഹിക്കേണമേ. ആമ്മേൻ.**

**(ക്രിസ്താനുകരണം)**



# എളിമയുടെ പ്രത്യക്ഷവത്കരണം

റവ. ഫാ. ലിൻസ് കളത്തൂർ
കോതമംഗലം രൂപത

"സ്നാനപ്പെട്ടവർ ജലത്തിൽനിന്നു കയറുമ്പോൾ പരിശുദ്ധരാകുന്നു. മുദ്രിതരായവർ ജലത്തിലേക്ക് ഇറങ്ങുമ്പോൾ പാപമോചിതരാകുന്നു. പുറത്തേക്ക് വരുന്നവർ മഹത്ത്വത്തിൽ പൊതിയപ്പെടുന്നു. ജലത്തിലേക്ക് ഇറങ്ങുന്നവർ പാപം നീക്കിക്കളയുന്നു. ആദം ഒരു ദിവസംകൊണ്ടു തന്റെ മഹത്ത്വം ഉരിഞ്ഞുകളഞ്ഞു. നിങ്ങളാവട്ടെ ഒരു നിമിഷം കൊണ്ടു മഹത്ത്വം ധരിച്ചിരിക്കുന്നു" (എഫ്രേം, ദനഹാഗീതം 6,9). ജെസ്സെയുടെ കുറ്റിയിൽ തളിർത്ത മുള ജീവിതത്തിന്റെ രക്ഷയാക്കി മാറ്റിക്കൊണ്ടു മംഗളവാർത്താക്കാലത്തിന്റെ ചൈതന്യത്തിൽ നിന്നു ദനഹായുടെ പരിശുദ്ധിയിലേക്കു നാം പ്രവേശിക്കുകയായി. നിത്യപിതാവിന്റെ പ്രകാശവും ആരംഭവുമില്ലാത്തവനും സമയത്തിനും സൃഷ്ടികൾക്കും അതീതനുമായവന്റെ ദനഹാ... ദനഹാത്തിരുനാളിനുശേഷം വലിയനോമ്പ് വരെയുള്ള കാലയളവിനെ ആണ് ദനഹാക്കാലം എന്നു വിളിക്കുന്നത്. സുറിയാനിഭാഷയിൽ 'ദനഹാ' എന്ന വാക്കിന്റെ അർത്ഥം ഉദയം, ഉദയരശ്മി എന്നൊക്കെയാണ്. ഇംഗ്ലീഷ് ഭാഷയിൽ 'Ephiphany'എന്നാണ് അറിയപ്പെടുന്നത്. ഇതിന്റെ അർത്ഥം 'പ്രത്യക്ഷവത്കരണം' എന്നാണ്. മനുഷ്യനായി ലോകത്തിൽ അവതരിച്ച ദൈവപുത്രന്റെ ദൈവത്വം ലോകത്തിനു വെളിപ്പെടുത്തിയതിനെ അനുസ്മരിക്കുകയാണ് ദനഹാക്കാലം. ഡിസംബർ ഇരുപത്തഞ്ചിന് ക്രിസ്തുമസ്സ് ആഘോഷിക്കാൻ തുടങ്ങുന്നതിനുമുൻപുതന്നെ 'കർത്താവിന്റെ പ്രത്യക്ഷവത്കരണം' പൗരസ്ത്യനാടുകളിൽ ആഘോഷിക്കപ്പെട്ടുവന്നു. ത്രിയേക ദൈവത്തിന്റെ വെളിപ്പെടുത്തൽ കൂടിയായിരുന്നു ദനഹാ. ഈശോയുടെ ജനനസമയം യഥാർത്ഥത്തിൽ പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും പ്രവർത്തനഫലമായിരുന്നു. എന്നാൽ വളരെ വ്യക്തമായും പ്രത്യക്ഷമായും ത്രിയേകദൈവം ഒരുമിച്ചുചേർന്ന സന്ദർഭമാണ് ദനഹാ തിരുനാൾ. കാരണം ഈശോയുടെ മാമ്മോദീസാ സമയത്ത് പിതാവ് സ്വർഗത്തിൽനിന്നു പുറപ്പെട്ട ശബ്ദമായും പരിശുദ്ധാത്മാവ് പ്രാവിന്റെ

രൂപത്തിലും ഉണ്ടായിരുന്നു. ജനുവരി ആറിന് ഈശോയുടെ മാമ്മോദീസ ആഘോഷിക്കുമ്പോൾ നാം സ്വീകരിച്ച മാമ്മോദീസായും അനുസ്മരിക്കുകയാണ്. കാരണം നമ്മുടെ മാമ്മോദീസാ ഈശോയുടെ മാമ്മോദീസായിലുള്ള പങ്കുചേരലാണ്. ചുരുക്കത്തിൽ മനുഷ്യരെ ദൈവികരാക്കാനുള്ള ദൈവികപ്രക്രിയയായിരുന്നു ഈശോയുടെ മാമ്മോദീസ.

''ഭൂമിയിൽ ഉറപ്പിച്ചിരിക്കുന്ന ഒരു ഗോവണി - അതിന്റെ അറ്റം ആകാശത്തു മുട്ടിയിരിക്കുന്നു. ദൈവദൂതന്മാർ അതിലൂടെ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു". ഉൽപത്തി പുസ്തകം 28-ാം അദ്ധ്യായം 12-ാം വാക്യത്തിൽ വിവരിക്കുന്ന യാക്കോബ് കണ്ട സ്വപ്നമാണ് ഇത്. ഭൂമിയിൽനിന്നു സ്വർഗത്തിലേക്കുള്ള ഗോവണി ദൈവിക-മാനുഷിക സംയോജനത്തിനുവേണ്ടിയാണ്. മനുഷ്യരെയെല്ലാം ദൈവികരാക്കാനുള്ള ദൈവത്തിന്റെ പദ്ധതിയാണിത്. ഈ ലോകത്തിലേക്ക് കടന്നുവന്നപ്പോഴും ജനത്തിന്റെ ഇടയിലൂടെ നടന്നു നീങ്ങിയപ്പോഴും ഒടുവിൽ തന്റേതല്ലാത്ത കാരണത്താൽ കുരിശുമരം ലഭിച്ചപ്പോഴും ഈശോ പറഞ്ഞില്ല താൻ ദൈവമാണെന്ന്. തന്റെ ദൈവത്വവും ശക്തിയുമെല്ലാം ഈശോ ദൈവരാജ്യ പ്രഘോഷണവേളയിൽ മറച്ചുവച്ചുകൊണ്ടു ജീവിച്ചു. ഒരു തച്ചന്റെ മകനായി തീർത്തും സാധാരണക്കാരനായി ഈശോ ജീവിച്ചു. അതിന്റെ അർത്ഥം ഈശോയെ സമീപിക്കാനോ അവന്റെ അടുത്തു വന്ന് അവനോട് സംവദിക്കാനോ ആരും ഭയപ്പെടേണ്ടതില്ല എന്നല്ലേ? അതുകൊണ്ടുതന്നെയാണ് സാധാരണക്കാരുടെയിടയിൽ ഈശോ സ്വീകാര്യനായത്. അതു ദൈവികപദ്ധതിയായിരുന്നു. മനുഷ്യർക്ക് അറിയാമായിരുന്നത് അദൃശ്യനായ ദൈവത്തെക്കുറിച്ചായിരുന്നു. ആരും ഈശോയെ ദൈവം എന്നു വിളിച്ചില്ലെങ്കിലും ആ ജീവിതത്തിലൂടെ ജനം തിരിച്ചറിഞ്ഞു, ദൃശ്യമായ ദൈവികഗുണങ്ങൾ ഈശോയിലുണ്ടെന്ന്. കാരണം അവൻ കലർപ്പില്ലാത്ത ദൈവികസ്നേഹം പങ്കുവച്ചു. നിഷ്കളങ്കമായി എല്ലാവരെയും സ്നേഹിച്ചു. പൗലോസ്ശ്ലീഹായും മിശിഹായുടെ ഈ ശൈലി സ്വീകരിച്ചു. അതുകൊണ്ടുതന്നെയാണ് അദ്ദേഹം പറയുന്നത്: "എന്തുകൊണ്ടെന്നാൽ, രക്ഷിക്കപ്പെടുന്നവരുടെയിടയിലും ശിക്ഷിക്കപ്പെടുന്നവരുടെയിടയിലും ഞങ്ങൾ ദൈവത്തിനു മിശിഹായുടെ പരിമളമാണ്" (2 കൊറി 2,15).

'Be Genuine'. ഇങ്ങനെ ജീവിക്കുക അല്പം ബുദ്ധിമുട്ടുള്ള കാര്യം തന്നെയാണ്. നിഷ്കളങ്കതയും വിശ്വസ്തതയും ഒക്കെ ഒരുപാടു കുറഞ്ഞുപോകുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ആയിരിക്കുന്ന അവസ്ഥയിൽത്തന്നെ മറ്റുള്ളവരെ ബഹുമാനിക്കാനും സ്നേഹിക്കാനും പരിഗണിക്കാനും നമുക്കു സാധിക്കണം. ചിലപ്പോഴൊക്കെ മുഖംമൂടി അണിഞ്ഞുള്ള ജീവിതമാണ് നമ്മുടേത്. സ്നേഹത്തിൽ കലർപ്പില്ലാത്ത നമ്മുടെ തെളിമയുള്ള വ്യക്തിത്വം മറ്റുള്ളവരുടെ മുൻപിൽ അനാവരണം ചെയ്യപ്പെടുമ്പോഴല്ലേ നാമും അപരനു മുൻപിൽ പ്രത്യക്ഷവത്കരണം നടത്തുന്നുള്ളൂ? ഏച്ചുകെട്ടിയ ജീവിതത്തിന്റെ പൊയ്മുഖം തകർക്കപ്പെടാൻ നിമിഷങ്ങൾ മാത്രം മതി. എണ്ണപ്പെടാത്ത പൊയ്മുഖ സമൃദ്ധിയെക്കാൾ എളിമയുടെയും നെറിവിന്റെയും പ്രത്യക്ഷീകരണം നമുക്കു സാധ്യമാക്കാം.

തിരുസഭാമാതാവിനൊപ്പം നമുക്കും പ്രാർത്ഥിക്കാം. "ലോകത്തിന്റെ പ്രകാശമായ നിന്റെ മാമ്മോദീസാവേളയിൽ പരിശുദ്ധ ത്രിത്വത്തെ ഞങ്ങൾക്കു വെളിപ്പെടുത്തിത്തന്ന നിനക്ക് ഞങ്ങൾ നന്ദി പറയുന്നു. നിന്റെ ദൈവത്വത്തിൽ പങ്കാളികളായ രക്തസാക്ഷികളുടെയും പിതാക്കളുടെയും വിശുദ്ധരുടെയും പ്രാർത്ഥനയാൽ ഞങ്ങളെയും ദൈവികരാക്കുകയും നിന്റെ മനോജ്ഞമായ പ്രകാശത്തിലേക്കു നയിക്കുകയും ചെയ്യണമെ" (എന്താനാ -ദനഹാക്കാലം, ഹൂത്താമ്മ). ❑



# കത്തിജ്വലിക്കുന്ന പ്രകാശം

**എൻ. സി. ആന്റണി**
**ദാപ്പൊടി**

പ്രകാശം നന്മയുടെ പ്രതീകമാണ്. ദൈവം അന്ധകാരത്തിന്റെ കലർപ്പുകൂടാത്ത പ്രകാശമാണ്. ദൈവം സൃഷ്ടികർമ്മത്തിൽ ആദ്യം പ്രകാശത്തെ സൃഷ്ടിച്ചു. നന്മയെ സ്നേഹിക്കുന്ന, നന്മയിൽ സന്തോഷിക്കുന്ന ദൈവത്തെയാണ് നമുക്ക് അനുദിനം കാണുവാൻ കഴിയുക. നന്മയുടെ പ്രതിഫലനമായ നമ്മിൽ തിന്മയുടെ ഇരുൾ പരത്തുമ്പോൾ അത് നമ്മെ ദുഃഖത്തിലാഴ്ത്തുന്നു. പാപത്തിന്റെ പടുകുഴിയിൽ താണുപോകുന്ന മനുഷ്യന്റെ കരച്ചിലിനു മുൻപിൽ ദൈവം തോറ്റുകൊടുക്കുന്നു. അവനെ രക്ഷിക്കുവാൻ പിതാവായ ദൈവം തന്റെ ഏകപുത്രനെ സ്നേഹത്തിന്റ പ്രകാശമായി നമ്മുടെ പക്കലേക്കയച്ചു. ഈശോയുടെ ഈ ലോകത്തിലെ ജനനം പ്രകാശത്തിന്റെ കത്തിജ്വലിക്കലാണ്. ലോകത്തിൽ പാപം വന്നതു തെറ്റായ പ്രബോധനത്തിലൂടെയാണ്. പാപത്തിന് അടിമകളായവർ ഈശോയുടെ പ്രബോധനം ശ്രവിച്ച് വിശ്വാസമുള്ളവരായി. സ്വർഗീയ പ്രത്യാശയിൽ ആശവയ്ക്കുവാൻ നമ്മെ പഠിപ്പിച്ചു. ദൈവഭക്തി ധനലാഭത്തിനുള്ള മാർഗ്ഗമല്ലെന്നും പ്രത്യുത ആത്മരക്ഷക്കായുള്ള വിശ്വാസമാണെന്നും നമ്മെ പഠിപ്പിച്ചു.

താബോർ മലയിലെ രൂപാന്തരീകരണത്തിൽ ഈശോയുടെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. വസ്ത്രങ്ങൾ ദൈവികപ്രകാശത്തിൽ വെട്ടിത്തിളങ്ങി. ഉത്ഥാനം ചെയ്ത മിശിഹാ പ്രകാശതേജസ്വിയായി പ്രശോഭിച്ചു. യോഹന്നാൻ 9,4-5 ൽ പറയുന്നു: "ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്". സ്വന്തമായ പ്രവൃത്തികളല്ല, മറിച്ച് ദൈവത്തിന്റെ പ്രവൃത്തികളാണ് ഈശോ ലോകത്തിൽ ചെയ്തത്. "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ടത് ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു". ഈശോ പിതാവിനോടുകൂടി ജീവിക്കുകയും പിതാവിന്റെ നന്മയും സ്നേഹവും പ്രാവർത്തികമാക്കുകയും ചെയ്തു. ദൈവത്തോടുകൂടി ആയിരുന്നാൽ മാത്രമേ പ്രകാശമായി ഈ ലോകത്തിൽ വർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഈശോ തന്റെ

വേദനകളുടെ ആധിക്യത്തിൽ പോലും പിതാവിന്റെ ഹിതത്തിന് പൂർണ്ണമായി വിട്ടുകൊടുത്തു. അന്നത്തെ അന്ധകാരത്തിൽ കഴിഞ്ഞ മക്കൾക്ക് ഈശോ പ്രകാശമായി. ഇന്ന് ലോകത്തിൽ അന്ധകാരത്തിൽ തപ്പിത്തടയുന്ന മനുഷ്യനു യഥാർത്ഥ പ്രകാശമായി, ജീവിതവഴി കാട്ടിയായി, മാർഗദീപമായി മാറുവാൻ നമുക്കു കഴിയണം. നിരാശർക്കു പ്രതീക്ഷയായി, ആലംബമായി, രോഗികൾക്കു വൈദ്യനായി, പാപികൾക്കു പാപമോചകനായി, വീഴുന്നവർക്കു താങ്ങായി, തണലായി, ദുഃഖിതർക്ക് ആശ്വാസമായി മാറുവാൻ നമുക്കു കഴിയണം.

അന്ധകാരത്തെ ഇല്ലാതാക്കുവാൻ ഈശോ ജീവനായി, പ്രകാശമായി ലോകത്തിലേക്കു വന്നു. പ്രകാശത്തിലായിരിക്കുക എന്നത് ഈശോയിലൂടെ നമുക്കു ലഭിക്കുന്ന ദൈവഹിതമനുസരിച്ചു ജീവിക്കുക എന്നതാണ്. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല, അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12). പ്രകാശത്തിൽ ചരിക്കുമ്പോൾ നാം പരിശുദ്ധമായ ജീവിതത്തിന്റെ ഉടമകളായിത്തീരും. ഇശോയെ അനുഗമിക്കുന്നവനു ജീവനിലേക്കു നയിക്കുന്ന പ്രകാശം സ്വീകരിക്കാൻ സാധിക്കും. ദൈവികജീവൻ ദൈവത്തിന്റെ അരൂപിയുടെ നിറവാണ്. ദൈവാരൂപിയുടെ ഫലങ്ങൾ അനുഭവിക്കുന്ന ജീവിതത്തിന്റെ ഉടമകളാകാൻ നമുക്കു കഴിയണം. നാം ഈ ലോകത്തിലായിരിക്കുന്നത് ഈശോയെപ്പോലെ മറ്റുള്ളവർക്കു വെളിച്ചം പകരുവാനാണ്. ജീവദായകവും ആനന്ദപ്രദായകവുമായ വെളിച്ചമേകുവാൻ അന്ധകാരത്തിൽ ജീവിക്കുന്ന ആർക്കും സാധ്യമല്ല. പ്രകാശത്തിലാണ് ജീവൻ വളരുന്നത്.

പാപത്തിൽ മരിച്ചവരെ ജീവന്റെ പ്രകാശത്തിലേക്കു നയിക്കുവാൻ നമുക്കു വലിയൊരുത്തരവാദിത്വമുണ്ട്. മറ്റുള്ളവർക്കു വഴികാട്ടിയാകുവാൻ, വഴിവിളക്കായിത്തീരുവാനുള്ള ഒരു വിളിയാണ് നമുക്കു ലഭിച്ചിരിക്കുന്നത്. എല്ലായിടത്തും എല്ലാവരിലും നന്മകാണുന്നതിനും എപ്പോഴും എല്ലാവർക്കും നന്മചെയ്യുന്നതിനും നാം സ്വയം കത്തിയെരിയേണ്ടിയിരിക്കുന്നു. ഇങ്ങനെ സ്വയം കത്തിയെരിഞ്ഞാൽ മാത്രമേ മറ്റുള്ളവർക്ക്, ലോകത്തിന് പ്രകാശമാകുവാൻ, പ്രകാശമേകുവാൻ സാധിക്കുകയുള്ളൂ. അതിന് അരൂപിയാൽ നിറയപ്പെട്ടു ദൈവവചനമാകുന്ന വാൾ കൈകളിലേന്തി കൂദാശകളാൽ പരിപൂരിതരായി ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ജ്വലിക്കുന്ന തീപ്പന്തങ്ങളായി നമുക്കും മാറാം. ❑



***"നമുക്കു ദൈവത്തെക്കുറിച്ച് സംസാരിക്കാൻ കഴിയുകയില്ല. എന്നാൽ ദൈവത്തെപ്പറ്റി നിശ്ശബ്ദത പാലിക്കുന്നവന് ഹാ കഷ്ടം!"***

**വിശുദ്ധ ആഗസ്തീനോസ്**



# നിയമം

സാബി കോഴിക്കോട്

നഗരത്തിലെ പ്രസിദ്ധമായ ഒരു സ്കാനിംഗ് സെന്റർ. ഒരുപാട് ആളുകൾ കൊച്ചുവെളുപ്പാൻ കാലത്തേ ഉണർന്നു കുപ്പി വെള്ളവുമായി ക്യൂവിൽ നിൽക്കുന്നു. ആദ്യമാദ്യം വന്നവർ ഇരിപ്പിടങ്ങൾ കരസ്ഥമാക്കി. തങ്ങളുടെ ഊഴവും കാത്തിരിക്കുന്നവരുടെ മുഖത്ത് ആശങ്കയുടെയും അക്ഷമയുടെയും ഭാവങ്ങൾ മിന്നിമറയുന്നു. ഒരുതരം മരവിച്ച നിശബ്ദത. ക്ലോക്കിന്റെ പെൻഡുലംപോലെ ഏവരുടെയും ചങ്കിടിപ്പിന്റെയും ദീർഘശ്വാസത്തിന്റെയും താളം ഉയർന്നു കേൾക്കാം. കൊറോണക്കാലം കൂടിയായതിനാൽ എല്ലാവരുടെയും കണ്ണുകൾ അങ്ങോട്ടു തിരിഞ്ഞു.

ദാ...വരുന്നു ഒരു വീൽചെയർ. പെടാപ്പാടുപെട്ടു പലതും നേടി. എന്നാൽ പാതിവഴിയിൽ ഒറ്റപ്പെട്ടുപോയ പൗലോസുചേട്ടനെയും ഉന്തിക്കൊണ്ടു ഹോംനഴ്സ് രംഗപ്രവേശനം ചെയ്തു. എല്ലാവരുടെയും കണ്ണുകൾ അങ്ങോട്ടു തിരിഞ്ഞു. അവിടെയും ഇവിടെയും ചെറിയ ചെറിയ കുശുകുശുപ്പുകൾ. പിന്നീടത് ആക്രോശമായി വളർന്നു. കാര്യം ഇത്രമാത്രം. സിൽവിയുടെ മുഖത്തു മാസ്ക് ഇല്ല. പലരും മാറിമാറി പറഞ്ഞിട്ടും അങ്ങനെയൊരു സാധനം വയ്ക്കാൻ അവൾ കൂട്ടാക്കിയില്ല. "താനിതുവരെ മാസ്ക് ധരിച്ചിട്ടുമില്ല, ഇനിയൊട്ട് വയ്ക്കാൻ ഉദ്ദേശവും ഇല്ല. കാരണം ഞാൻ വിശ്വസിക്കുന്നത് ഏക രക്ഷകനായ മിശിഹായിൽ ആണ്. അവിടുന്ന് എന്നെ വിടുവിച്ചുകൊള്ളും" സിൽവി വ്യക്തമാക്കി.

അതുവരെ ജീവനോടെയിരുന്ന മിശിഹാ പലരുടെയും മനസ്സിൽ മരിച്ചു തുടങ്ങി. ഏതാനും ചിലർ തങ്ങൾ ധരിച്ചിരുന്ന കൊന്തയും കുരിശും ഒളിപ്പിച്ചു വച്ചു. മറുത്തൊരു വാക്കു പറയാൻ ഒരുത്തന്റെയും നാവു പൊന്തിയില്ല.

അതുവരെ ആരുടെയും ശ്രദ്ധ പിടിച്ചുപറ്റാതെ ഒരു മൂലയ്ക്ക് ഇരുന്നു കൊന്ത ഉരുട്ടിയിരുന്ന കുഞ്ഞന്നാമ്മ സാവധാനം എഴുന്നേറ്റു. കൂനിപ്പോയ തന്റെ നട്ടെല്ല് പറ്റുന്നവിധം ഉയർത്തി തെല്ലു സങ്കോചത്തോടെ ഇപ്രകാരം പറഞ്ഞു: "ഈശോയ്ക്കല്ല തെറ്റു പറ്റിയത്... ഈശോയുടെ ലേബൽ മാത്രം നെറ്റിയിൽ ഒട്ടിച്ചു നടക്കുന്ന ഞങ്ങൾക്കാ".

ആ വാക്കുകളുടെ മാസ്മരികതയിൽ അൽപ്പം മുമ്പു പലരുടെയും മനസ്സിൽ മരിച്ചുപോയ മിശിഹാ വീണ്ടും ഉത്ഥാനം ചെയ്തു. നിയമം പാലിക്കരുതെന്ന് ഈശോ ഒരിക്കലും പറഞ്ഞിട്ടില്ല. അതിൽ ഇത്തിരി സ്നേഹംകൂടി ചാലിക്കണമെന്നേ ഓർമ്മിപ്പിച്ചിട്ടുള്ളൂ. പിന്നെ എന്തിനാണാവോ എവിടെയും ഈശോയെ കൊല്ലുവാൻ നാം വെമ്പൽകൊള്ളുന്നത്? നമ്മുടെ താളത്തിനൊത്തു തുള്ളുന്ന സ്നേഹമുള്ള ഹൃദയത്തിന്റെ ഉടമയായി പോയതാണോ അവന്റെ കുറ്റം?

അന്നുവരെ നിലവിലിരുന്ന ഒരു നിയമത്തിന്റെയും കടയ്ക്കൽ ഈശോ കോടാലി വച്ചിട്ടില്ല. പിന്നെയോ എല്ലാറ്റിനെയും പൂർത്തിയാക്കുക മാത്രമാണവൻ ചെയ്തത്.

നിയമങ്ങൾ പാലിക്കപ്പെടാനുള്ളതാണ്. അതു രാഷ്ട്രത്തിന്റെയോ, സമൂഹത്തിന്റെയോ, സഭയുടേയോ, കുടുംബത്തിന്റെയോ എന്തുമായിക്കൊള്ളട്ടെ അവയുടെ കെട്ടുറപ്പിന്, വളർച്ചയ്ക്ക് നിയമങ്ങൾ അത്യന്താപേക്ഷിതമാണ്. അതു കൊണ്ടാണല്ലോ ഇസ്രായേൽജനത്തിനു ദൈവം പത്തു പ്രമാണങ്ങൾ സ്വന്തം കൈകൊണ്ടുതന്നെ എഴുതി നൽകിയത്.

വല്ലപ്പോഴും നമുക്കിതൊന്ന് ഓർത്തുവയ്ക്കാം: സാക്ഷ്യം നൽകാൻ സാധ്യത തേടി പരക്കംപായേണ്ടതില്ല. സർവ്വശക്തൻ വച്ചുനീട്ടുന്ന സാഹചര്യങ്ങളെ സാധ്യതകളാക്കാൻ സന്മനസ്സുണ്ടായാൽ മാത്രം മതി. ❑

**കർത്താവായ ഈശോയേ, ദൈവത്തിന്റെ പരിശുദ്ധാ,**
**പിതാവിന്റെ പരിപൂർണ്ണതയെ**
**എല്ലാവരുടേയും ജീവിതലക്ഷ്യമായി**
**അങ്ങ് ഞങ്ങൾക്ക് ചൂണ്ടിക്കാണിച്ചുതന്നുവല്ലോ.**
**അങ്ങയുടെ വചനങ്ങളെ പ്രാവർത്തികമാക്കുന്നതിനും**
**അങ്ങയുടെ ദിവ്യമായ മാതൃക**
**അനുകരിക്കുന്നതിനുമുള്ള ആഗ്രഹത്തോടെ**
**അങ്ങേ സന്നിധിയിൽ ഇതാ ഞങ്ങൾ വരുന്നു.**
**കർത്താവായ ഈശോയേ,**
**അങ്ങേയ്ക്കു നല്കുവാൻ**
**ഞങ്ങളുടെ ദരിദ്രമായ പ്രാർത്ഥന മാത്രമേയുള്ളൂ.**
**അങ്ങയെ സ്നേഹിക്കുന്ന ഓരോ ഹൃദയത്തിന്റേയും**
**അങ്ങയുടെ ഈ സ്നേഹത്തിന്റെ വിശപ്പ്**
**എല്ലാവരിലും ഉണർത്തണമെന്ന ആഗ്രഹത്തിന്റേയും**
**പ്രകാശനമെന്നോണം ഞങ്ങളുടെ പ്രാർത്ഥന**
**അങ്ങ് സ്വീകരിക്കേണമെ.**

**ഈശോയേ, വിശുദ്ധിയുടെ അഗ്നിയായ ദിവ്യാരൂപിയെ**
**അങ്ങ് ഞങ്ങൾക്ക് വാഗ്ദാനം ചെയ്തുവല്ലോ.**
**കാരുണ്യവാനേ,**
**പരിശുദ്ധ അമ്മയുടെ ഹൃദയത്തിൽ**
**എപ്പോഴും പ്രവർത്തനനിരതമായിരുന്ന**
**പരിപൂർണ്ണ സ്നേഹത്തിന്റെ അരൂപിയെ**
**ഞങ്ങൾക്കും പ്രദാനം ചെയ്യേണമെ.**
**നാഥാ,**
**ഞങ്ങളിലും ലോകം മുഴുവനിലും**
**വിശുദ്ധിയുടെ ഒരു വസന്തകാലം പൂവണിയാൻ**
**പരിശുദ്ധ അമ്മയുടെ പ്രാർത്ഥനയിൽ**
**ഞങ്ങൾ ആശ്രയം വയ്ക്കട്ടെ!**

**ആമ്മേൻ.**



**ബിഷപ് വില്യം ജകചീന്താ**



# നിഴലിൽ ദീപ്തമാകുന്നവർ

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

**ഒ**രിക്കൽ ഒരു വിളക്കുകാലിൻമേൽ കത്തി ജ്വലിച്ചുനിന്ന വിളക്കിനോട്, അല്പം പുച്ഛത്തോടെ വിളക്കുകാൽ ചോദിച്ചു. "നീയെന്താണ് ഇത്ര സന്തോഷത്തോടെ കത്തിനിൽക്കുന്നത്? അല്പനേരംകൂടി കഴിഞ്ഞാൽ പ്രകാശമാകും. അപ്പോൾ നിന്നെ ആരെങ്കിലും ഊതിക്കെടുത്തുമെന്നു നിനക്കറിഞ്ഞുകൂടെ?" വിളക്കു പറഞ്ഞു: "അറിയാം. വെളിച്ചമില്ലാത്തിടത്തു കത്തിനിൽക്കുക എന്നതാണ് എന്റെ ദൗത്യം. വെളിച്ചം വന്നു കഴിഞ്ഞാൽ പിന്നെ എന്റെ ആവശ്യമില്ല. എന്നെ ഞാനാക്കുന്നതും അതു തന്നെയാണ്".

'ദനഹാ' സർവ്വജനപദങ്ങളെയും പ്രകാശിപ്പിക്കുന്ന ഉദയസൂര്യനായ മിശിഹായുടെ പ്രത്യക്ഷീകരണത്തിന്റെ മനോഹരമായ ഓർമ്മ. ഇരുളിലും മരണനിഴലിലും കഴിഞ്ഞിരുന്നവർക്കു പ്രകാശം വീശാനായി ഉയരത്തിൽനിന്നുള്ള പ്രകാശരശ്മി നമ്മെ സന്ദർശിച്ചതിന്റെ (ലൂക്കാ 1,78–79) നിർമ്മലമായ അനുസ്മരണം. ഈ വലിയ പ്രകാശത്തിൽ മറഞ്ഞിരിക്കാൻ ആഗ്രഹിച്ച ഒരസാധാരണ വ്യക്തിത്വത്തെ നാം തിരുവചനത്തിൽ കണ്ടുമുട്ടുന്നു– സ്നാപകൻ....

"ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേരു യോഹന്നാൻ. അവൻ സാക്ഷ്യത്തിനായി വന്നു. വെളിച്ചത്തിനു സാക്ഷ്യം നൽകാൻ. എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു" (യോഹ 1,6–9). ഈശോ തന്നെയും അദ്ദേഹത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു "കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ" (യോഹ 5,35). എല്ലാവരെയും തന്നിലേക്കാകർഷിച്ചു മരുഭൂമിയിൽ ഉയർന്ന വിപ്ലവസ്വരമായി, ധാർമ്മികതയുടെ അവസാനവാക്കായി തീർന്നവൻ. നീതിമാനും വിശുദ്ധനും ആയിരുന്നതിനാൽ ഹേറോദേസ് അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു എന്നു വചനം സാക്ഷ്യപ്പെടുത്തുന്നു (മർക്കോ 6,20). ഇപ്രകാരം ജ്വലിച്ചു നിൽക്കുന്ന തന്റെ യൗവനത്തിൽ തന്നെ, താൻ ആർക്കു സാക്ഷ്യം വഹിച്ചുവോ, അവനുവേണ്ടി, അവന്റെ നിഴലിലേക്കു മറയാൻ അദ്ദേഹത്തിനു ഭയമുണ്ടായിരുന്നില്ല. തനിക്കു സാക്ഷ്യം വഹിച്ചവനെ ഈശോ പ്രകീർത്തിക്കുന്നത് "സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ല" (ലൂക്കാ 7,28) എന്നാണ്.

ഈ ദനഹാക്കാലത്തിൽ സ്നാപകൻ നമ്മുടെ ധ്യാനവിഷയമാകട്ടെ. നിഴലായിമാറാൻ സാധിക്കുന്നത് വലിയ ആത്മധൈര്യമുള്ളവർക്കാണ്. "വരാനിരിക്കുന്നവൻ" ഇദ്ദേഹം ആയിരിക്കുമോ എന്നു മറ്റുള്ളവർ സംശയിക്കുമ്പോഴും താൻ അവന്റെ വഴിയൊരുക്കുന്നവൻ മാത്രമാണ് എന്ന് ഉറപ്പിച്ചു പറഞ്ഞ് പിറകിലേക്കു മാറാൻ ഒരായുസ്സിന്റെ ധൈര്യമുള്ളവനേ സാധിക്കൂ.

ഒന്നാമനാകാനും ഓമനയാകാനും വെമ്പൽ കൊള്ളുന്ന ഈ ലോകത്തിൽ സ്നാപകൻ ഒരു വെല്ലുവിളിയാണ്. എല്ലാ കാര്യങ്ങളിലും മുമ്പിൽ നിൽക്കുന്നതു കഴിവിന്റെയും ധൈര്യത്തിന്റെയും പണക്കൊഴുപ്പിന്റെയും ഭാവഭേദങ്ങളായി വിധിയെഴുതുമ്പോൾ കഴിവുണ്ടായിരുന്നിട്ടും സ്നാപകരായി മാറിയ എത്രയോ പേരാണ് നമ്മുടെ സമൂഹത്തിലും കുടുംബങ്ങളിലും വിസ്മരിക്കപ്പെട്ടുപോകുന്നത്? മറ്റുള്ളവർക്കു ചവിട്ടുപടിയാകാൻ സ്വയം കുനിഞ്ഞവർ, മറ്റുള്ളവരെ പോഷിപ്പിക്കാൻ സ്വന്തം വയറിന്റെ വിശപ്പിനെ മറന്നുപോയവർ, മറ്റുള്ളവർ വളരാനായി മാറിനിന്നവർ, അവർ നോവാതിരിക്കാൻ സ്വയം മുറിഞ്ഞവർ എന്നിങ്ങനെയുള്ളവരുടെ പട്ടിക നീളുന്നു.

"അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്നു പറഞ്ഞു സ്വയം മാറിക്കൊടുത്ത സ്നാപകനെ മാതൃകയാക്കാൻ നമുക്കാവട്ടെ. കത്തിജ്വലിക്കുന്നവരുടേതിനേക്കാൾ ഊതിക്കെടുത്തപ്പെട്ടവരുടെ സ്മരണ കൂടുതൽ ദീപ്തമായിരിക്കും. ❑

## പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നത് എന്താണ്?

**നാം അനന്തമായ ഒരാഗ്രഹം കൊണ്ടുനിറഞ്ഞിരിക്കുന്നവരാകയാലും മനുഷ്യരായ നമ്മെ ദൈവം തനിക്കുവേണ്ടിത്തന്നെ സൃഷ്ടിക്കയാലും നാം പ്രാർത്ഥിക്കുന്നു. "ദൈവത്തിൽ വിശ്രമിക്കുവോളം നമ്മുടെ ഹൃദയങ്ങൾ അസ്വസ്ഥമായിരിക്കും" (വിശുദ്ധ ആഗസ്തീനോസ്). എന്നാൽ പ്രാർത്ഥിക്കുക നമുക്ക് ആവശ്യമായതുകൊണ്ടും നാം പ്രാർത്ഥിക്കുന്നു. മദർ തെരേസ ഇങ്ങനെ പറയുന്നു: "എനിക്ക് എന്നിൽത്തന്നെ ആശ്രയിക്കാനാവാത്തുകൊണ്ട് ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും ഞാൻ അവിടത്തെ ആശ്രയിക്കുന്നു."**

**നാം പലപ്പോഴും ദൈവത്തെ മറക്കുന്നു, ദൈവത്തിൽനിന്ന് ഓടി ഒളിക്കുന്നു. ദൈവത്തെപ്പറ്റി ചിന്തിക്കാതിരിക്കുകയോ അവിടുത്തെ നിഷേധിക്കുകയോ ചെയ്താലും അവിടുന്ന് എപ്പോഴും നമുക്കായി നമ്മോടൊപ്പമുണ്ട്. നാം അവിടുത്തെ അന്വേഷിക്കുന്നതിനുമുമ്പുതന്നെ അവിടുന്നു നമ്മെ അന്വേഷിക്കുന്നു. അവിടുന്നു നമ്മെ അത്യധികം ആഗ്രഹിക്കുകയും നമ്മെ വിളിക്കുകയും ചെയ്യുന്നു. നിങ്ങൾ മനസ്സാക്ഷിയോടു സംസാരിക്കുക, ദൈവവുമായി സംസാരിക്കുകയാണെന്ന് പെട്ടെന്ന് മനസ്സിലാകും. നിങ്ങൾ ഒറ്റയ്ക്കാണെന്നു തോന്നുമ്പോൾ, ആരും മിണ്ടാനില്ലാത്തപ്പോൾ ദൈവം എപ്പോഴും സംസാരിക്കാൻ സംലഭ്യനാണെന്ന് നിങ്ങൾക്കു തോന്നും. നിങ്ങൾ അപകടത്തിലായിരിക്കുമ്പോൾ സഹായത്തിനുള്ള നിലവിളിക്ക് ദൈവം ഉത്തരം പറഞ്ഞതായി നിങ്ങൾ അനുഭവിക്കുന്നു. ശ്വസിക്കൽ, ഭക്ഷിക്കൽ, സ്നേഹിക്കൽ എന്നിവപോലെ തന്നെ മാനുഷികമാണു പ്രാർത്ഥനയും. പ്രാർത്ഥന നമ്മെ വിശുദ്ധീകരിക്കുന്നു. പരീക്ഷകൾ പ്രതിരോധിക്കാൻ പ്രാർത്ഥന നമുക്കു സാധ്യത നല്കുന്നു. നമ്മുടെ ദുർബലതയിൽ അത് നമ്മെ ശക്തിപ്പെടുത്തും. പ്രാർത്ഥിക്കൽ ഭയം നീക്കിക്കളയുന്നു. ഊർജ്ജം വർദ്ധിപ്പിക്കുന്നു. ശ്വസിക്കാൻ വീണ്ടും ആശ്വാസത്തിന്റെ വായു ലഭിക്കുന്നു. പ്രാർത്ഥന ഒരുവനെ സന്തുഷ്ടനാക്കുകകയും ചെയ്യുന്നു.** (Youcat 450)



# ഗിദെയോൻ

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

മനാസ്സെയുടെ ഗോത്രത്തിൽ അബിയേസർ വംശജനായ യോവാഷിന്റെ പുത്രനാണ് ഗിദെയോൻ. ജറുബ്ബാൽ എന്നും അവന് പേരുണ്ട്. കാനാൻ ദേശത്തുവച്ച് ഇസ്രായേൽജനം പലപ്പോഴായി ദൈവത്തിൽനിന്നകന്നു മറ്റു ദേവൻമാരെ ആരാധിച്ചു പാപത്തിൽ മുഴുകിയിരുന്നു. അപ്പോഴെല്ലാം ന്യായാധിപൻമാരെ അവരിൽനിന്നു തന്നെ തിരഞ്ഞെടുത്ത് വിജാതീയജനതകളിൽനിന്ന് ദൈവം അവരെ രക്ഷിച്ചിരുന്നു. ബാൽദേവനെയും അഷേരാദേവതയെയും ആരാധിച്ചിരുന്ന ഇസ്രായേൽ, മിദിയാൻകാരുടെ ക്രൂരമായ അടിമത്തത്തിൽ ഏഴുവർഷം പീഡകൾ അനുഭവിച്ചു. അവരെ ഭയന്നു പർവ്വതങ്ങളിൽ ഗുഹകളും മാളങ്ങളും ദുർഗങ്ങളും നിർമ്മിച്ച് അവർ കഴിഞ്ഞുകൂടി. അവരുടെ വിളവുകളെയും കൂടാരസാമഗ്രികളെയും കന്നുകാലികളെയും പലപ്പോഴും മിദിയാൻകാരും അമലേക്യരും പൗരസ്ത്യരും വന്ന് ആക്രമിച്ചിരുന്നു. പീഡകൾക്കൊടുവിൽ ദൈവത്തോടു നിലവിളിച്ചപേക്ഷിച്ച ഇസ്രായേൽജനത്തിനിടയിൽനിന്നു വിമോചകനായി തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരുവനാണ് ഗിദെയോൻ.


ഒരിക്കൽ ഗിദെയോൻ മിദിയാൻകാർ കാണാതെ മുന്തിരിച്ചക്കിൽ ഗോതമ്പുമെതിക്കുകയായിരുന്നു. കർത്താവിന്റെ ദൂതൻ അവനു പ്രത്യക്ഷപ്പെട്ടു പറഞ്ഞു. “ധീരനും ശക്തനുമായ മനുഷ്യാ, കർത്താവു നിന്നോടുകൂടെ’’ (ന്യായാ 6,12). അതിനു മറുപടിയെന്നോണം തങ്ങളെ ഈജിപ്തിൽ നിന്ന് അത്ഭുതകരമായി

മോചിപ്പിച്ച ദൈവം മിദിയാൻകാരുടെ കൈയിലകപ്പെടുത്തിയതിൽ കർത്താവിന്റെ ദൂതനോടു ഗിദെയോൻ പരിഭവം പ്രകടിപ്പിക്കുന്നു. കർത്താവ് അവനോടു പറഞ്ഞു: "നിന്റെ സർവ്വശക്തിയോടുംകൂടെ പോയി ഇസ്രായേല്യരെ മിദിയാൻകാരുടെ കയ്യിൽനിന്നു മോചിപ്പിക്കുക. ഞാനാണ് നിന്നെ അയയ്ക്കുന്നത്" (ന്യായ 6,14). ഗിദെയോനാകട്ടെ ആ ദൗത്യത്തിൽനിന്ന് പിൻമാറാൻ ശ്രമിക്കുന്നു. മനാസ്സെയുടെ ഗോത്രത്തിൽ തന്റെ വംശം ഏറ്റവും ദുർബലമാണെന്നും തന്റെ കുടുംബത്തിൽ താൻ ഏറ്റവും നിസ്സാരനാണെന്നും അറിയിക്കുന്നു. എന്നാൽ കർത്താവ് അവനോടു പറഞ്ഞു. "ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. ഒറ്റയാളെയെന്നപോലെ മിദിയാൻകാരെ നീ നിഗ്രഹിക്കും" (ന്യായ 6,16). കർത്താവിന്റെ പ്രീതി തനിക്കുണ്ടെന്ന് ഉറപ്പുവരുത്താൻ ഒരു അടയാളം ഗിദെയോൻ ആവശ്യപ്പെടുന്നു. താൻ കാഴ്ചകൊണ്ടുവരുന്നതുവരെ അവിടെനിന്ന് പോകരുതെന്ന് അവൻ അവിടുത്തോട് ഉണർത്തിക്കുന്നു. ഗിദെയോൻ വീട്ടിൽച്ചെന്ന് ഒരു ആട്ടിൻകുട്ടിയെ പാകംചെയ്തു പുളിപ്പില്ലാത്ത അപ്പവുമായിവന്ന് അവിടുത്തേക്ക് കാഴ്ചവച്ചു. അപ്പവും ഇറച്ചിയും പാറമേൽ വച്ച് അതിൽ ചാറ് ഒഴിക്കുവാൻ ദൂതൻ ഗിദെയോനോട് പറഞ്ഞു. അവൻ അങ്ങനെ ചെയ്തു. കർത്താവിന്റെ ദൂതൻ തന്റെ വടികൊണ്ട് അതിൽ തൊട്ടു. പാറയിൽനിന്ന് തീ ഉയർന്ന് അവ ദഹിപ്പിച്ചു. കർത്താവിന്റെ സാന്നിധ്യം മനസ്സിലാക്കിയ ഗിദെയോൻ അവിടെ ഒരു ബലിപീഠം പണിതു.

ആ രാത്രി കർത്താവിന്റെ ദൂതന്റെ കല്പനപ്രകാരം ഗിദെയോൻ, ബാലിന്റെ യാഗപീഠവും അഷേരാപ്രതിഷ്ഠയും തകർത്ത് പുതിയ ബലിപീഠം പണിത് അതിൽ തന്റെ പിതാവിന്റെ ഏഴുവയസ്സുള്ള കാളയെ കൊന്ന് ദഹനബലിയർപ്പിച്ചു. പട്ടണനിവാസികളെ ഇത് കോപാകുലരാക്കി. അവർ യോവാഷിന്റെയടുത്തു ചെന്നു ഗിദെയോനെതിരെ അണിനിരന്നു. അപ്പോൾ യോവാഷിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: "നിങ്ങൾ ബാലിനു വേണ്ടി പോരാടുന്നുവോ? അവൻ ദൈവമാണെങ്കിൽ സ്വയം പോരാടട്ടെ, അവന്റെ യാഗപീഠമല്ലേ നശിപ്പിച്ചിരിക്കുന്നത്" എന്ന്. തന്റെ മകനെക്കുറിച്ചുള്ള യോവാഷിന്റെ വീക്ഷണമെന്ത്? മകൻ ദൈവപക്ഷത്തെങ്കിൽ അത് ഏറ്റുപറയുന്ന, അനുകൂലിക്കുന്ന നിലപാട്. മാത്രവുമല്ല; കർത്താവിന്റ വഴികളെ നന്നായറിയാവുന്നവനും മകനെ ആ വഴികളിലേക്കു നയിച്ചവനുമായിരിക്കാം. വിശ്വാസം നല്കാൻ ഇന്നിന്റെ തലമുറ ഇനിയും ബഹുദൂരം സഞ്ചരിക്കണമോ?

ജസ്രേൽ താഴ്‌വരയിൽ മിദിയാൻകാരും അമലേക്യരും പൗരസ്ത്യരും ഇസ്രായേൽക്കാർക്കെതിരെ താവളമടിച്ചു. "കർത്താവിന്റെ ആത്മാവ് ഗിദെയോനിൽ ആവസിച്ചു". അവൻ കാഹളമൂതി; അബിയേസർ, മനാസ്സെ, ആഷേർ, സെബുലൂൺ, നഫ്താലി എന്നീ ഗോത്രങ്ങൾ അവനോടൊപ്പം ചേർന്നു. തന്റെ നിസ്സാരത തിരിച്ചറിഞ്ഞ പാവപ്പെട്ട ബലഹീനനായ ആ മനുഷ്യൻ ദൈവസാന്നിധ്യത്തിന്റെ ഉറപ്പിനായി വീണ്ടും ദൈവത്തെ സമീപിക്കുന്നു. ആട്ടിൻരോമം കൊണ്ടുള്ള വസ്ത്രം അവൻ കളത്തിൽ വിരിച്ചു. അതിൽമാത്രം മഞ്ഞു കാണപ്പെടുകയും നിലം വരണ്ടതായി തീരുകയുമാണെങ്കിൽ തന്റെ കൈകൊണ്ട് ഇസ്രായേലിനെ ദൈവം തിരഞ്ഞെടുക്കുന്നതിന്റെ തെളിവായികാണുമെന്ന് കർത്താവിനോട് ഗിദെയോൻ പറയുന്നു. അങ്ങനെതന്നെ സംഭവിച്ചു. ഒരിക്കൽകൂടി അവൻ പരീക്ഷണം തുടർന്നു, അത് വസ്ത്രം ഉണങ്ങിയും നിലം മഞ്ഞുതുള്ളി വീണതുമായിരിക്കാനായിരുന്നു. അങ്ങനെ സംഭവിക്കുകയും ചെയ്തു.

ഗിദെയോൻ അതിരാവിലെ എഴുന്നേറ്റ് ഹാരോദു നീരുറവയ്ക്കു സമീപം താവളമടിച്ചു. കർത്താവ് അവനോടു പറഞ്ഞു. നിങ്ങളുടെ സംഖ്യ അധികമാണ്, സ്വന്തം കൈകൊണ്ട് രക്ഷപ്രാപിച്ചു എന്ന് ഇസ്രായേൽ എന്റെ നേരെനോക്കി വീമ്പടിച്ചേക്കും. അതുകൊണ്ട് ഭയന്നുവിറയ്ക്കുന്നവരെ വീടുകളിലേക്ക് തിരി



കെവിടുക. അപ്പോൾ പതിനായിരംപേർ ശേഷിച്ചു. അവരെ കർത്താവിന്റെ നിർദ്ദേശപ്രകാരം വീണ്ടും പരിശോധിച്ച് അതിൽനിന്നു മുന്നൂറു പേരെമാത്രം തിരഞ്ഞെടുത്തു. സംഖ്യാബലത്തെക്കാൾ കർത്താവിലുള്ള ആശ്രയത്തിന്റെ ബലമാണ് അവിടെ അളക്കപ്പെടുക. ഗണത്തിന്റെ വലിപ്പത്തെക്കാൾ ഗുണത്തിന്റെ നിലവാരമാണ് അനിവാര്യം. തന്റെ ബലഹീനതയിൽ ദൈവത്തെ ആശ്രയിക്കുന്നവനെയാണ് അവിടുത്തേക്ക് ആവശ്യം.

സംഖ്യാബലം ഏറെയുള്ള മിദിയാന്റെ താവളത്തിലേക്ക് കടന്നുചെല്ലുവാൻ ഭയക്കുന്ന ഗിദെയോന് കരുത്തു പകരാൻ ഭൃത്യനായ പൂരായെക്കൂടെ കൊണ്ടുപോകാൻ കർത്താവ് ആവശ്യപ്പെടുന്നു. "അവൻ പറയുന്നതു നീ കേൾക്കുക. അപ്പോൾ താവളത്തിനെതിരെ നീങ്ങാൻ നിനക്കു കരുത്തു ലഭിക്കും" (ന്യായ 7,11). സഹയാത്രികനായി, ധൈര്യപ്പെടുത്തുന്ന ശബ്ദമായി, പതറുന്ന ഇടങ്ങളിൽ ദൈവം നമുക്കുവേണ്ടിയും തന്റെ ഭൃത്യരെ കരുതിവയ്ക്കും. താവളത്തിലേക്ക് പൂരായോടുകൂടെ ഗിദെയോൻ ചെല്ലുമ്പോൾ ശത്രുസൈന്യം വെട്ടുക്കിളികൾ പോലെയും അവരുടെ ഒട്ടകങ്ങൾ കടൽപ്പുറത്തെ മണൽപോലെയും സംഖ്യാതീതമായി കാണപ്പെട്ടു. അവിടെ ഒരാൾ തന്റെ സ്നേഹിതനോട് ഒരു സ്വപ്നം വിവരിക്കുന്നതും അതിന്റെ വ്യാഖ്യാനം സ്നേഹിതൻ നല്കുന്നതും ഗിദെയോൻ കേൾക്കുന്നു. മിദിയാന്റെ താവളത്തിലേക്ക് ഒരു ബാർലിയപ്പം ഉരുണ്ടുരുണ്ടുവന്ന് കൂടാരത്തിൽ മേൽതട്ടി, കൂടാരം മേൽകീഴായി മറിഞ്ഞ് നിലംപരിശാകുന്നതായിരുന്നു സ്വപ്നം. "അവന്റെ സ്നേഹിതൻ പറഞ്ഞു: ഇത് ഇസ്രായേല്യനായ യോവാഷിന്റെ പുത്രൻ ഗിദെയോന്റെ വാളല്ലാതെ മറ്റൊന്നുമല്ല. അവന്റെ കൈകളിൽ ദൈവം മിദിയാൻകാരെയും സൈന്യത്തെയും ഏൽപ്പിക്കുന്നു" (ന്യായ 7,14). ഇതു കേട്ടപ്പോൾ ഗിദെയോൻ ദൈവത്തെ വണങ്ങി ഇസ്രായേലിന്റെ താവളത്തിലേയ്ക്ക് തിരികെച്ചെന്ന് പറഞ്ഞു: "എഴുന്നേൽക്കുക, കർത്താവ് മിദിയാൻ സൈന്യത്തെ നിങ്ങളുടെ കൈകളിൽ ഏൽപ്പിച്ചിരിക്കുന്നു". ഗിദെയോനും മുന്നൂറ് പേരുമടങ്ങുന്ന മൂന്നു ഗണങ്ങളും കൈകളിൽ കാഹളങ്ങളും ഒഴിഞ്ഞ ഭരണികളിൽ പന്തങ്ങളുമായി നീങ്ങി മിദിയാൻ സൈന്യത്തെ കീഴടക്കി. അവരുടെ പ്രഭുക്കന്മാരായ ഓറെബി നെയും സേബിനെയും വധിച്ചു.

പൗരസ്ത്യ പ്രഭുക്കന്മാരിൽ ശേഷിച്ച സേബായേയും സൽമുന്നായെയും കീഴടക്കാൻ പോയ ക്ഷീണിതരായ തന്റെ അനുയായികൾക്ക് ഭക്ഷണം നല്കാൻ ഗിദെയോൻ സുക്കോത്തിലെയും പെനുവേലിലെയും നിവാസികളോട് അപേക്ഷിച്ചു. എന്നാൽ അവർ പരിഹസിക്കുകയാണ് ചെയ്തത്. പിന്നീട് അവർക്ക് തക്ക ശിക്ഷണവും അവൻ നല്കുന്നുണ്ട്. കൂടെയുള്ളവരോട് കരുതലോടെ പെരുമാറുന്ന ഗിദെയോനെ നാമിവിടെ കാണുന്നു. ക്ഷീണിതരായ അവരുടെ അവശതകൾ അവനറിയാം. കാരണം അവൻ അവരുടെകൂടെ ചരിച്ചവനാണ്. ഗിദെയോനും കൂട്ടരും സേബായെയും സൽമുന്നായെയും പിൻതുടർന്നുപിടിച്ചു. അവൻ അവരോട് ചോദിച്ചു. "താബോറിൽ നിങ്ങൾ നിഗ്രഹിച്ചവർ എവിടെ? അവർ മറുപടി പറഞ്ഞു. നിന്നെപ്പോലെ തന്നെയായിരുന്നു അവരോരോരുത്തരും. അവർ രാജകുമാരൻന്മാർക്ക് സദൃശ്യരായിരുന്നു. അവൻ പറഞ്ഞു: അവർ എന്റെ സഹോദരന്മാരായിരുന്നു. എന്റെ അമ്മയുടെ പുത്രന്മാർ. കർത്താവിനെ സാക്ഷിയാക്കി ഞാൻ പറയുന്നു, നിങ്ങൾ അവരുടെ ജീവൻ രക്ഷിച്ചിരുന്നെങ്കിൽ ഞാൻ നിങ്ങളെ കൊല്ലുകയില്ലായിരുന്നു" (ന്യായാ 8,18-19). അവർ പറയുന്നു, നീ തന്നെ ഞങ്ങളെ വധിക്കുകയെന്ന്.

ശത്രുജനത്തെ കീഴടക്കിയെത്തിയ ഗിദെയോനോട് ഇസ്രായേൽജനം തങ്ങളെ ഭരിക്കുവാൻ ആവശ്യപ്പെടുന്നു. എന്നാൽ അവനത് നിരസിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ നിങ്ങളെ ഭരിക്കുകയില്ല; എന്റെ മകനും നിങ്ങളെ ഭരിക്കുകയില്ല. പിന്നെയോ കർത്താവ് നിങ്ങളെ ഭരിക്കും". എന്നാൽ കൊള്ളയടിക്കപ്പെട്ട സ്വർണ്ണകുണ്ഡലങ്ങൾ വാങ്ങി അവൻ ഒരു എഫോദ് നിർമ്മിച്ച് ഓഫ്രായിൽ സ്ഥാപിച്ചു.

എതിർക്കുന്നവരോടു നയചാതുര്യത്തോടെ പെരുമാറുവാൻ അറിയാവുന്നവനായിരുന്നു ഗിദെയോൻ. മിദിയാനോട് യുദ്ധത്തിനു പോയപ്പോൾ എഫ്രായീംകാരെ വിളിക്കാത്തതിൽ അവനെ കുറ്റപ്പെടുത്തുമ്പോൾ അവൻ പറയുന്നു. "നിങ്ങൾ ചെയ്തതിനോട് തുലനം ചെയ്യുമ്പോൾ ഞാൻ ചെയ്തത് എത്ര നിസ്സാരം!" അങ്ങനെ മറ്റുള്ളവരെ വലിയവരും വിലയുള്ളവരുമാക്കി ചിത്രീകരിക്കുന്നു. സമാധാനപ്രിയനായിരുന്ന അവന്റെ കാലത്ത് നാല്പതുവർഷം ഇസ്രായേൽജനം സമാധാനം അനുഭവിച്ചു. വിനീതമനസ്സോടെ ദൈവത്തിന്റെ അധികാരത്തിനു കീഴ്പ്പെട്ടു ജീവിച്ച ഗിദെയോൻ വൃദ്ധനായി മരിച്ചു. അവനെ അബിയേസർ വംശജരുടെ ഓഫ്രായിൽ, പിതാവായ യോവാഷിന്റെ കല്ലറയിൽ സംസ്കരിച്ചു. ❑

## ഗിദെയോൻ പറയുന്നു:

* ശക്തനും ധീരനുമായിരിക്കുക. തിന്മയെ ചെറുക്കാൻ ദൈവത്തോടു ചേർന്നു നിൽക്കുക.
* ബലഹീനതകളെക്കുറിച്ച് അവബോധമുണ്ടായിരിക്കുക, വിനീതമനസ്സ് സംരക്ഷിക്കുക.
* ദൈവത്തിൽ ആശ്രയിക്കുക, സമാധാനപ്രിയരാവുക.
* കരുതലോടെ അപരനോട് പെരുമാറുക



# സ്വർഗ്ഗം തുറക്കുന്ന സ്നാനം

**അനിത ആത്രശ്ശേരിയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ത്രിയേക ദൈവം സ്വയം വെളിവാക്കി
ദനഹാ തിരുനാളിന്നോർമ്മയുൾക്കൊണ്ടിടാം
ഈശോ തൻ സ്നാനത്തിലത്ഭുതമായിടും
ദിവ്യരഹസ്യങ്ങൾ മർത്ത്യർക്കേകീടുന്നു.
താതനോടൊത്തങ്ങൊരുമയിൽമേവുന്ന
പുത്രന് താതന്റെ സാക്ഷ്യമാം സന്ദേശം
ഇവനെൻ പ്രിയപുത്രൻ പ്രസാദിച്ചിവനിൽ ഞാൻ
റൂഹായോ പ്രാവിന്റെ രൂപത്തിലാഗതൻ
ജ്ഞാനവുമേറെ കൃപയും പകരുന്ന
നമ്മൾ തൻ സ്നാനത്തിൽ മാതൃകയാമിത്
പ്രസാദവരമതും സ്വർഗ്ഗീയ സമ്പത്തും
സഭതൻ തനയരെന്നുന്നത സ്ഥാനവും
പാരിതിൽ ദൈവിക തേജസുദിച്ചത്
പാരിനു മോദം പകർന്നു ലസിക്കുന്നു
പരിശുദ്ധ ത്രിയേക നാമം സംപൂജിതം
പരിശുദ്ധമാകുവാൻ നമ്മെ ക്ഷണിക്കുന്നു.
ഉന്നത താതന്റെ ഓമൽകുമാരനീ
മന്നിനു ശാന്ത സമാധാനമേകിയ
വർണ്ണനാതീതമനുഗ്രഹാശിസ്സുകൾ
നുകരാം നുകർന്ന് പകരാമീയൂഴിയിൽ
വിശുദ്ധിയാം വെണ്മ തുളുമ്പുന്ന വസ്ത്രവും
ആത്മാലങ്കാരമാം റൂഹാതൻ വാസവും
കാത്തുസൂക്ഷിച്ചിടാം കർമ്മരംഗങ്ങളിൽ
കർത്താവിന്നുത്തമ സാക്ഷിയായ് തീർന്നിടാം



# നന്മ ചെയ്യാം നമുക്കും..!

എസ്. ജെ. കൂരോപ്പട

**ഒ**രു പട്ടണത്തിൽ ചിത്രപ്രദർശനവും, വില്പനയും നടക്കുകയാണ്. പ്രശസ്തരായ പല ചിത്രകാരന്മാരും അവർ വരച്ച ചിത്രങ്ങളുമായി മേളയിൽ എത്തിയിട്ടുണ്ട്. അവിടെയെത്തുന്ന ഓരോ ചിത്രകാരനും തങ്ങൾ വരച്ച ചിത്രങ്ങൾ അവിടെ പ്രദർശിപ്പിക്കാനും വില്ക്കാനുമുള്ള സൗകര്യവും ഉണ്ടായിരുന്നു.

പ്രദർശനശാലയുടെ ഒരു മൂലയ്ക്ക് ഒരു സ്ത്രീ, അത്ര ആകർഷകമല്ലാത്ത കുറച്ചു ചിത്രങ്ങളുമായി ഇരുന്നിരുന്നു. 'എന്റെ മകൻ സുഖമില്ലാതെ ആശുപത്രിയിലാ. ഈ ചിത്രങ്ങൾ വിറ്റു കിട്ടുന്ന പണം കൊണ്ടുവേണം എനിക്കവനെ ചികിത്സിക്കാൻ... സഹായിക്കണേ... പ്ലീസ്... അവർ വിളിച്ചു പറഞ്ഞുകൊണ്ടേയിരുന്നു. പക്ഷേ, ആരും ഒന്നും വാങ്ങിയില്ല.

കുറച്ചു കഴിഞ്ഞപ്പോൾ ഒരു മനുഷ്യൻ താൻ വരച്ച ഒരു മനോഹരചിത്രവുമായി അങ്ങോട്ടു വന്നു. മാർട്ടിൻ... അതാണയാളുടെ പേര്. ഏഴെട്ടുമാസംകൊണ്ട് പൂർത്തിയാക്കിയ ഒരു സുന്ദര ചിത്രം. 'അതു വിറ്റു കിട്ടുന്ന പണംകൊണ്ട് കുടുംബത്തിന്റെ പട്ടിണി മാറ്റണം' എന്ന ചിന്തയുമായാണ് അയാളുടെ വരവ്. പക്ഷേ, ഈ സ്ത്രീയുടെ വാക്കുകൾ കേട്ടപ്പോൾ, അയാൾ മറ്റൊന്നും ഓർക്കാതെ ആ ചിത്രം അവർക്കു നല്കി. "നിങ്ങളുടെ ചിത്രം വാങ്ങി സഹായിക്കാൻ എന്റെ കൈയിൽ ഒറ്റക്കാശില്ല. അതു കൊണ്ട് എന്റെ ഈ ചിത്രം വിറ്റുകിട്ടുന്ന പണം നിങ്ങളെടുത്തോ." ഇത്രയും പറഞ്ഞ് അയാള വിടെനിന്നും തിരികെപ്പോയി.

വർഷങ്ങൾ കഴിഞ്ഞു. മാർട്ടിൻ മരിച്ചു. മാലാഖമാർ അദ്ദേഹത്തെ സ്വർഗ്ഗത്തിലെത്തിച്ചു. അവിടെ അദ്ദേഹത്തെ ഒരു നോക്കു കാണാനും സ്വീകരിക്കാനുമായി വല്ലാത്ത തിരക്ക്. "ഇത്രയും നന്മ ചെയ്ത ഒരാളെ അടുത്തകാലത്തെങ്ങും ഞാൻ കണ്ടിട്ടില്ല..." പലരുടെയും അടക്കംപറച്ചിൽ കേട്ട് മാർട്ടിൻ ഞെട്ടിപ്പോയി. "ഞാനോ....? നന്മയോ...? ഞാനങ്ങനെയൊന്നുംതന്നെ ചെയ്തിട്ടില്ല."

ഉടൻ അവിടെയൊരു സ്ക്രീൻ പ്രത്യക്ഷപ്പെട്ടു. അതിൽ പല ചിത്രങ്ങൾ മിന്നിമറയാൻ തുടങ്ങി. നമ്മുടെ പഴയ ചിത്രപ്രദർശനശാല, സ്ത്രീയുടെ കരച്ചിൽ, മാർട്ടിന്റെ ചിത്രം... എല്ലാമെല്ലാം...

മാർട്ടിൻ സ്ത്രീക്കു നല്കിയ ചിത്രം... അന്നത്തെ മേളയിൽ ഏറ്റവും വിലയ്ക്ക് വിറ്റുപോയത് ആ ചിത്രമായിരുന്നു. അവർക്ക് ആ തുകകൊണ്ട് അവരുടെ മകന്റെ ജീവൻ തിരിച്ചു കിട്ടി. അവർ മാർട്ടിനെ ഒത്തിരി അന്വേഷിച്ചു. പക്ഷേ കണ്ടെത്താനായില്ല. ആ മകൻ വളർന്നു... പഠിച്ച് ഒരു ഡോക്ടറായി. കുട്ടിക്കാലത്ത് തന്റെ ജീവൻ രക്ഷിച്ച അജ്ഞാതനായ ഏതോ ഒരു മനുഷ്യൻ.... അയാളോടുള്ള നന്ദിയും കടപ്പാടുമായിരുന്നു ആ ഡോക്ടറുടെ ജീവിതം. പാവങ്ങൾക്കുവേണ്ടി ധാരാളം സ്കൂളുകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ എന്നിവ സ്ഥാപിച്ചു. ഈ സ്ഥാപനങ്ങൾ വഴി ഒത്തിരി നല്ല കാര്യങ്ങൾ ഇന്നും നിർവഹിച്ചുകൊണ്ടിരിക്കുന്നു....

പ്രിയപ്പെട്ടവരേ, നാം ചെയ്യുന്ന ഒരു നന്മ പ്രവൃത്തി എത്ര ചെറുതായാലും അത് മറ്റുള്ളവരുടെ ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങൾ വലുതായിരിക്കും. ചിലപ്പോൾ നഷ്ടപ്പെട്ടുപോകാമായിരുന്ന ഒരു ജീവൻപോലും നമുക്കു നേടാനാവും. അതുകൊണ്ട് നന്മ ചെയ്യാൻ കിട്ടുന്ന ഒരവസരവും നാം പാഴാക്കരുത്. മറ്റുള്ളവരുടെ പ്രശംസ കിട്ടുന്നതിനായി മാത്രം കാര്യങ്ങൾ ചെയ്യുന്നവരുണ്ട്. ഒരിക്കലും നാം അങ്ങനെയാകരുത്. നാം ചെയ്യുന്ന ധർമ്മദാനങ്ങൾ രഹസ്യമായിരിക്കണം. രഹസ്യങ്ങൾ അറിയുന്ന നമ്മുടെ പിതാവ് നമുക്ക് അതിനുള്ള പ്രതിഫലം തരും. ❑

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ ദനഹാക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈശോയുടെ മാമ്മോദീസായെ കേന്ദ്രമാക്കിക്കൊണ്ട് അവിടുത്തെ പരസ്യജീവിതത്തെ ധ്യാനവിഷയമാക്കുന്ന കാലഘട്ടമാണല്ലോ ദനഹാക്കാലം. വിശ്വാസത്തിന്റെ കൂദാശയായ മാമ്മോദീസായുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കാൻ ഈ കാലഘട്ടത്തിൽ സഭ നമ്മോടാവശ്യപ്പെടുന്നു. മാമ്മോദീസായിലൂടെ നമുക്കു ലഭിച്ച ദൈവപുത്രത്വവും പരിശുദ്ധിയും അതിന്റെ തനിമയിൽ ജീവിക്കുവാനും അതിന്റെ സുവിശേഷം പ്രഘോഷിക്കുവാനും ഈശോയുടെ പരസ്യജീവിതം നമുക്കു പ്രചോദനമാകണം. അതുപോലെതന്നെ നമ്മുടെ അജഗണങ്ങളെ അക്കാര്യത്തിൽ ബോധവത്കരിക്കാനും നാം പരിശ്രമിക്കണം. ഇന്നു സഭയ്ക്കു ദൈവമക്കളുടെയും പരിശുദ്ധരുടെയും സമൂഹമെന്ന പ്രതിഛായ നേടുവാനും പ്രതിഫലിപ്പിക്കുവാനും കഴിഞ്ഞെങ്കിലേ നിലവിലുള്ള കിടമത്സരങ്ങളെയും സാമൂഹ്യമായ പ്രതിസന്ധികളെയും വിജയകരമായി നേരിടുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇപ്രകാരമുള്ള ഒരാഭിമുഖ്യത്തോടെ നമ്മുടെ അജപാലനശുശ്രൂഷ നമുക്കു നിർവ്വഹിക്കാം. ദനഹാത്തിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട്

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

'അപ്പസ്തോലിക് മാക്സിമലിസം' കുടുംബത്തിലെ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും ജനറൽ കൗൺസിൽ അംഗങ്ങളുടെയും എൻലാർജ്ഡ് കൗൺസിലംഗങ്ങളുടെയും ഒരു സംയുക്തയോഗം 2021 ഡിസംബർ 4-ാം തിയതി 'ഓൺലൈനായി' നടത്തി. സ്ഥാപകപിതാവിന്റെ നാമകരണനടപടികൾ റോമിലെ തിരുസംഘത്തിലെത്തിയിരിക്കുന്ന സാഹചര്യത്തിൽ, അദ്ദേഹത്തിന്റെ വിശുദ്ധിയെക്കുറിച്ചു വിശ്വാസികളുടെ മദ്ധ്യേ കൂടുതൽ പ്രസിദ്ധി നൽകുവാനുതകുന്ന ഒരു പദ്ധതിക്കു രൂപം കൊടുക്കുകയും അതു നടപ്പിലാക്കുവാൻ എല്ലാവരും സഹകരിച്ചു പ്രവർത്തിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. 2021 നവംബർമാസം 10,11 തിയതികളിൽ സൊദാലെസിന്റെയും ആസ്പിരൻസിന്റെയും മീറ്റിംഗുകൾ 'ഓൺലൈൻ' ആയിനടത്തി. നവംബർ 23-ാം തിയതി താമരശ്ശേരി രൂപതയിലെ ആസ്പിരൻസിന്റെയും മീറ്റിംഗ് നടന്നു. പ്രസ്തുത മീറ്റിംഗുകളിൽ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ കോൺസ്റ്റിറ്റ്യൂഷന്റെ വ്യാഖ്യാനത്തെ ആധാരമാക്കി ക്ലാസ്സുകൾ നയിച്ചു.

സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.




# ലോകത്തിന്റെ പ്രകാശമാകാൻ

**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക ഒബ്ലേറ്റ്സ്

**ക**ഴിഞ്ഞ ദിവസം പള്ളിയിൽ തിരുനാൾ ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമയത്തു കുറെ പിണ്ടികൾ കിടക്കുന്നതു ശ്രദ്ധയിൽപെട്ടു. കുറെപ്പേർ പേപ്പർ കട്ട് ചെയ്ത് ഈർക്കിലിയിൽ ഒട്ടിച്ച് അതു പിണ്ടിയിൽ കുത്തിച്ചേർക്കുന്നു. ഇപ്രാവശ്യത്തെ തിരുനാൾ ആഘോഷമാക്കാൻ ഈ പിണ്ടികുത്തൽ ഉപകാരപ്പെടും എന്നവർ പറഞ്ഞു. ഞാൻ വിചാരിച്ചു: ഈ പിണ്ടികൊണ്ടു പള്ളിയും പരിസരവും എങ്ങനെ മനോഹരമാക്കാനാവും? കുറച്ചു സമയം കഴിഞ്ഞ് അതുവഴി ചെന്നപ്പോൾ പിണ്ടികാണാനില്ല. പിണ്ടിയുടെ സ്ഥാനത്തു മനോഹരമായ ഒരു ശില്പം. കണ്ണിന് ആകർഷകത നൽകുന്ന, മനസ്സിനു കുളിർമ്മ നൽകുന്ന മനോഹരശില്പം!

പ്രകാശമായ മിശിഹായെ അവതരിപ്പിക്കാനാണല്ലോ ദനഹാക്കാലത്തിന്റെ ആരംഭത്തിൽ പിണ്ടികുത്തിപ്പെരുനാൾ നാം ആഘോഷിക്കുക. പിണ്ടിയിൽ തീർത്ത മനോഹരമായ ദൃശ്യം എന്നെ മറ്റൊരു ചിന്തയിലേക്കു നയിച്ചു. ഈശോയാകുന്ന പ്രകാശം നമ്മെ പൊതിഞ്ഞാൽ നാം എത്ര സുന്ദരശില്പമായിരിക്കും! പിണ്ടി എവിടെ എന്നു പരതിനോക്കിയാൽ കാണാൻ സാധിക്കാത്ത വിധത്തിലായിരുന്നു അതു നിർമ്മിച്ചത്. അതുപോലെ നാം ഈശോയിൽ മറയണം. മറ്റുള്ളവർ കാണേണ്ടത് നമ്മെയല്ല, ഈശോയെയാണ്. അതായിരിക്കണം നമ്മുടെ സൗന്ദര്യരഹസ്യം.

ദനഹാക്കാലത്തു നാം ഈശോയുടെ പ്രത്യക്ഷീകരണം അനുസ്മരിക്കുമ്പോൾ നമുക്കും ഈശോയെ ലോകത്തിനും ചുറ്റുമുള്ളവർക്കും കൊടുക്കാൻ ശ്രമിക്കാം. പേപ്പറും ഈർക്കിലിയും ചേർത്തു പിണ്ടിയെ മനോഹരമാക്കിയതുപോലെ ഈശോയുടെ പ്രകാശത്താൽ നമുക്കും മനോഹരമാകാം. “ഞാൻ ലോകത്തിന്റെ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.” ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ! പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോയെ ധ്യാനിച്ച നമുക്ക് ഈശോയെ ധരിക്കുവാനും ഈശോയാൽ നിറയുവാനുമുള്ള കൃപ ലഭിക്കട്ടെ. ❑



# പപ്പയുടെ പ്രിയപുത്രൻ

**ഷിനി തെരേസ് മുതുപ്ലാക്കൽ**

"**സി**സ്റ്ററേ, അവനോട് മര്യാദയ്ക്കിരിക്കാൻ പറ. എന്റെ ക്ഷമയ്ക്ക് ഒരു അതിരുണ്ട്. ക്ഷമ കെട്ടാൽപ്പിന്നെ എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ പറ്റില്ല. ഞാൻ നല്ലതു വച്ചുകൊടുക്കും".

ക്യാമ്പിനുവന്ന പന്ത്രണ്ടുവയസ്സുകാരന്റെ വകയാണ് ഈ യെല്ലോ അലേർട്ട്! അവന്റെ നില്പും മട്ടുമൊക്കെ കണ്ടിട്ട് പെട്ടെന്നുതന്നെ റെഡ് അലേർട്ട് പ്രഖ്യാപിക്കേണ്ടിവരുമെന്നു തോന്നി.

അവനെ ഒന്നു ശാന്തനാക്കി കാര്യങ്ങൾ തിരക്കി. പെട്ടെന്നു പ്രതികരിക്കുന്ന സ്വഭാവമുള്ള അവൻ കൂട്ടുകാരന്റെ ഭാഗത്തുനിന്നും ആവശ്യത്തിനു പ്രകോപനമൊക്കെയുണ്ടായിട്ടും സ്വയം പ്രതികരിക്കാതെ സിസ്റ്റർവഴി പ്രതിരോധം തീർക്കാനെത്തിയതാണ്. കുസൃതി ഇത്തിരി കൂടുതലുള്ള കുട്ടിയാണെന്നറിയാമായിരുന്നതിനാൽ ഞാൻ ചോദിച്ചു: "എന്തുപറ്റി അവന്റെമേൽ കൈ വയ്ക്കാതിരുന്നത്?"

"ഇങ്ങോട്ടു പോന്നപ്പോൾ പപ്പ എന്നോട് ഒരു കാര്യം പ്രത്യേകം പറഞ്ഞായിരുന്നു. എന്റെ പൊന്നുമോൻ അവിടെച്ചെന്ന് എന്റെ പേര് നശിപ്പിക്കരുത്, നമ്മുടെ കുടുംബത്തിന്റെ മഹിമ കളഞ്ഞുകുളിക്കരുത് എന്ന്. എന്റെ പപ്പയെ ഓർത്തുമാത്രമാ ഞാൻ അവനെ പഞ്ചറാക്കാതിരുന്നത്".

രണ്ടു വർഷംമുമ്പു നടന്ന ഈ സംഭവം ഇടയ്ക്കിടയ്ക്ക് ഓർമ്മയിലേക്ക് വരാറുണ്ട്. അവന്റെ ഈ വാക്കുകൾ വേറൊരു ചിന്തയിലേയ്ക്കാണ് എന്നെ നയിച്ചത്. സ്വന്തം അപ്പന്റെ പേരും കുടുംബത്തിന്റെ മഹിമയും കളങ്കപ്പെടുത്താതിരിക്കാൻ ആ കുട്ടി എത്രമാത്രം ശ്രദ്ധിച്ചു. അങ്ങനെയെങ്കിൽ ദൈവപിതാവിന്റെ മഹിമ നശിപ്പിക്കാതിരിക്കാൻ നാമെന്തുമാത്രം ശ്രദ്ധിക്കണം!

ഈശോയുടെ മാമ്മോദീസാവേളയിൽ സ്വർഗം തുറക്കപ്പെടുകയും ദൈവാത്മാവ് ഈശോയുടെമേൽ ഇറങ്ങിവരുകയും ചെയ്തു. "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന ദൈവപിതാവിന്റെ സ്വരവും സ്വർഗത്തിൽനിന്നു കേട്ടു (മത്താ 3,16-17). നാമോരോരുത്തരുടെയും മാമ്മോദീസാവേളയിൽ ഇതുതന്നെയാണ് സംഭവിച്ചിട്ടുള്ളത്. നാം ദൈവപിതാവിന്റെ മക്കളായിത്തീർന്നു. സഭാകുടുംബത്തിലെ അംഗങ്ങളായിമാറി.

അങ്ങനെയെങ്കിൽ സഭാമക്കളുടെ ദൈവപിതാവിനു ചേരാത്ത പ്രവൃത്തികൾ എങ്ങനെ നീതീകരിക്കാനാവും? ദൈവസ്വഭാവത്തിനു വിരുദ്ധമായി നില്ക്കുന്നവരുടെ ചെയ്തികളെ വളരെ നിശിതമായാണ് ഈശോ വിമർശിച്ചത്. തന്നെ സ്നേഹിക്കാത്ത, തന്റെ വചനം ശ്രവിക്കാത്ത

യഹൂദരോട് ഈശോ പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നു. ... നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽനിന്ന് ഉള്ളവരാണ്. നിങ്ങളുടെ പിതാവിന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. ... ദൈവത്തിൽനിന്നുള്ളവൻ ദൈവത്തിന്റെ വാക്കു ശ്രവിക്കുന്നു" (യോഹ 8,41-47).

പിതാവിന്റെ സ്വഭാവഗുണങ്ങൾ പേറുന്നവരാണ് മക്കൾ. "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ 1,12). ക്രിസ്തീയവിശ്വാസികളാണ് എന്ന് നാം അഭിമാനിക്കുന്നുണ്ടെങ്കിൽ നമ്മുടെ വാക്കുകൾ, ചെയ്തികൾ, മനോഭാവങ്ങൾ എല്ലാം പരിശോധനയ്ക്കു വിധേയമാക്കേണ്ടതുണ്ട്. ദൈവപിതാവിന്റെ മക്കൾക്കുചിതമല്ലാത്തതൊക്കെ വിട്ടുപേക്ഷിക്കേണ്ടതുണ്ട്. പരിശുദ്ധനായ പിതാവിന്റെ പരിശുദ്ധരായ മക്കളായിരിക്കണം നമ്മൾ എന്ന യോഹന്നാൻശ്ലീഹായുടെ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം: "കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും. ... പ്രിയപ്പെട്ടവരേ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു: അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും. ഈ പ്രത്യാശയുള്ളവൻ അവിടുന്നു പരിശുദ്ധനായിരിക്കുന്നതുപോലെ തന്നെത്തന്നെ വിശുദ്ധനാക്കുന്നു" (1 യോഹ 3,1-3).

ഈശോയുടെ പരസ്യജീവിതം ധ്യാനിക്കുന്ന ദനഹാക്കാലമാണല്ലോ ഇത്. ഈശോയുടെ ജീവിതംമുഴുവനും ദൈവപിതാവിന്റെ സ്നേഹത്തിന്റെ ഒരു വെളിപ്പെടുത്തലായിരുന്നു. അവർണ്ണനീയമായവിധം മനുഷ്യനെ സ്നേഹിച്ച ദൈവത്തിന്റെ മുഖമാണ് ഈശോയിൽ പ്രത്യക്ഷപ്പെട്ടത്. ഈശോയെ അനുഗമിക്കുന്നവരാണ് എന്നവകാശപ്പെടുന്ന നാം അവിടുത്തെ അനുകരിക്കുന്നവരുമാകണം. എങ്കിൽമാത്രമേ, ദൈവസ്നേഹം ഈ ഭൂമിയിൽ പ്രവർത്തനനിരതമായിരിക്കുന്നത് ലോകത്തിന് കാണാനാവൂ. അന്ധകാരത്തിന്റെ ചെയ്തികൾ ലോകത്തിൽ നടമാടുമ്പോൾ നമ്മുടെ ജീവിതങ്ങൾ ദൈവസ്നേഹത്തിന്റെ പ്രകാശമേകുന്ന ദീപങ്ങളായി ജ്വലിക്കട്ടെ.

❑




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

**ട്രീസാ തുണ്ടിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:**

മനുഷ്യവംശത്തിന്റെ പാപങ്ങൾ കഴുകുവാനായി ദാസന്റെയും പാപിയുടെയും രൂപം ധരിച്ചു യോർദ്ദാനിൽ നിന്നും മാമ്മോദീസാ സ്വീകരിച്ച മിശിഹായെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, സ്വന്തം മഹത്വം തേടാതെ എപ്പോഴും ഹൃദയ എളിമയുള്ളവരായി ജീവിക്കുവാൻ വേണ്ട കൃപ ഞങ്ങൾക്കായി നിന്റെ തിരുക്കുമാരനോടു യാചിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

ഞങ്ങളുടെ ബലഹീനമായ മനുഷ്യപ്രകൃതിയെ ദൈവികതയുടെ അങ്കിധരിപ്പിക്കുവാനായി യോർദ്ദാനിൽനിന്നും മാമ്മോദീസാ സ്വീകരിച്ച മിശിഹായെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, വിശ്വാസത്തിലും സ്നേഹത്തിലും നിലനിന്നുകൊണ്ടു സ്വർഗീയപിതാവിന്റെ മുൻപിൽ സ്വീകാര്യരായി തീരുവാൻവേണ്ട കൃപ നിന്റെ തിരുക്കുമാരനോടു യാചിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

മാമ്മോദീസവേളയിൽ ത്രിത്വരഹസ്യത്തെ നമുക്കായി വെളിപ്പെടുത്തിയ മിശിഹായെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, പരിശുദ്ധ ത്രിത്വത്തെപോലെ സ്നേഹകൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടവരാണ് ഞങ്ങൾ എന്ന ബോധ്യത്തോടെ ജീവിക്കുവാൻ വേണ്ട കൃപ നിന്റെ തിരുക്കുമാരനിൽ നിന്നു ഞങ്ങൾക്കു തരണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

മാമ്മോദീസാ വേളയിൽ പിതാവിനെ നമുക്കായി വെളിപ്പെടുത്തി അവിടുത്തെ തിരുഹിതം നിറവേറ്റിയ മിശിഹായെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, അനുദിനജീവിതത്തിൽ നല്ലതും സ്വീകാര്യവും പൂർണ്ണവുമായ ദൈവ തിരുമനസ്സ് എന്താകുന്നു എന്നു വിവേചിച്ചറിയുവാൻവേണ്ട കൃപ നിന്റെ തിരുക്കുമാരനിൽനിന്നും ഞങ്ങൾക്കു തരണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

പിതാവിന്റെ സ്നേഹം വെളിപ്പെടുത്തുവാനായി ലോകത്തിലേക്കു വന്ന മിശിഹായെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, അമ്മയുടെ മക്കളായ ഞങ്ങളും ദൈവാനുഭവമുള്ളവരായി ജീവിച്ചുകൊണ്ട് ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാൻ വേണ്ട കൃപയ്ക്കായി നിന്റെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



‘ദനഹാ’ എന്ന സുറിയാനിവാക്കിന് ഉദയം,
പ്രത്യക്ഷവത്കരണം, ആവിഷ്കാരം, വെളിപാട്
എന്നീ അർത്ഥങ്ങളുണ്ട്. മിശിഹായെക്കുറിച്ചുള്ള
പിതാവിന്റെയും പരിശുദ്ധറൂഹായുടെയും
സാക്ഷ്യപ്പെടുത്തലും നീതിസൂര്യനായ
മിശിഹായുടെ പരസ്യജീവിതത്തിന്റെ
ആരംഭവുമാണ് അവിടുത്തെ
മാമ്മോദീസാനുസ്മരണമായ
ദനഹാത്തിരുനാൾ. ഈശോയുടെ
മാമ്മോദീസായിൽ പരിശുദ്ധ ത്രിത്വരഹസ്യം
വെളിപ്പെടുത്തപ്പെട്ടതിനെ
ഈ കാലം നമ്മെ
അനുസ്മരിപ്പിക്കുന്നു.

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th December 2021

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



**"ഞങ്ങളുടെ പ്രകാശമായ മിശിഹായെ, ഇരുളിലും മരണനിഴലിലും കഴിയുന്നവർക്കു പ്രകാശം നല്കുവാൻ ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യനെ അങ്ങ് ഞങ്ങളുടെ പക്കലേക്കയച്ചുവല്ലോ. രാവും പകലും അങ്ങയുടെ കണ്ണുകൾ ഞങ്ങളുടെ മേൽ പതിക്കുകയും മിശിഹാ ഞങ്ങൾക്കു കാണിച്ചുതന്ന നീതിയുടെ മാർഗ്ഗത്തിലൂടെ അവ ഞങ്ങളെ നയിക്കുകയു ചെയ്യട്ടെ."**
**(ദനഹാക്കാലം, ചൊവ്വ-ലെലിയാ)**

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal